VOL NO: 05 I ISSUE 29
www.nerpatham.com
mail@nerpatham.com
2021 JULY 24 I ₹12

# നേർപഥം

വാരിക

# ഡാനിഷിന്റെ അന്ത്യം: അഫ്ഗാനിൽ പുകയുന്നതെന്ത്?

ഇരുപതുവർഷങ്ങളായി അസ്ഥിരതയും അരാജകത്വവും പടരുന്ന അഫ്ഗാനിൽ നിന്നും നാറ്റോ സൈന്യം പിൻവാങ്ങുമ്പോഴും ആഭ്യന്തര ശൈഥില്യത്തിൽ ഒട്ടും അയവു വന്നിട്ടില്ല. ഡാനിഷ് സിദ്ദീഖി ദാരുണമായി കൊലചെയ്യപ്പെട്ട സംഭവം അഫ്ഗാൻ പോരാളികൾ ഇപ്പോഴും സമാധാനത്തിന്റെയോ നൈതികതയുടെയോ പാതയിലേക്ക് എത്തിയിട്ടില്ലെന്ന സന്ദേശമാണ് നൽകുന്നത്. യുദ്ധമല്ല, സമാധാനമാണ് ഇസ്‌ലാമിന്റെ ആത്യന്തികലക്ഷ്യം എന്ന് ഇവരിനിയും മനസ്സിലാക്കിയില്ലെങ്കിൽ അഫ്ഗാന്റെ ഭാവി തീർത്തും ആശങ്കാജനകമാണ്.

- ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നവർ



- മദീനയുടെ മണ്ണിൽ
- കോവിഡും മാനസിക പ്രയാസങ്ങളും
- വിദ്യാർഥികൾ അറിയാൻ; രക്ഷിതാക്കളും


ഇനി പഠനം രസകരമാകും
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
നമ്മുടെ
കൂട്ടുകാരെ
രജിസ്റ്റർ ചെയ്യാൻ
മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel
Online Library
സന്ദർശിക്കുക
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
പീസ് റേഡിയോ നിങ്ങളുടെ
ഫോണിൽ ലഭിക്കുവാൻ
Google play
Available on the
App Store
Peace Radio
RadioForPeace

# 0235
# നേർപഥം
വാരിക

2021 ജൂലൈ 24
1442 ദുൽഹിജ്ജ 13
പുസ്തകം 05 / ലക്കം 29

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








10

## ഡാനിഷിന്റെ അന്ത്യം: അഫ്ഗാനിൽ പുകയുന്നതെന്ത്?

സുഫ്‌യാൻ അബ്ദുസ്സലാം

05
**മുഖമൊഴി**
കോവിഡും മാനസിക പ്രയാസങ്ങളും
എഡിറ്റർ

06
**ലേഖനം**
ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നവർ
നബീൽ പയ്യോളി

18
**ലേഖനം**
വിദ്യാർഥികൾ അറിയാൻ; രക്ഷിതാക്കളും
പി. അബ്ദുല്ലത്വീഫ്, പുളിക്കൽ

23
**ക്വുർആൻ ദർശനം**
അൽക്വമർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

26
**ചരിത്രപഥം**
മദീനയുടെ മണ്ണിൽ
ഹുസൈൻ സലഫി, ഷാർജ

31
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

34
**ബാലപഥം**
ഉമ്മ / ഉപ്പ
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ചലനങ്ങൾ

# സച്ചാർ കമ്മിറ്റിയുടെ നിർദേശങ്ങൾ എങ്ങനെ നടപ്പാക്കുമെന്ന് സർക്കാർ വ്യക്തമാക്കണം: വിസ്ഡം ഓർഗനൈസേഷൻ

കോഴിക്കോട്: സച്ചാർ കമ്മിറ്റിയുടെയും പാലോളി കമ്മിറ്റിയുടെയും നിർദേശപ്രകാരം നടപ്പാക്കി വന്നിരുന്ന ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി ജനസംഖ്യാനുപാതികമായി പുനഃക്രമീകരിക്കാനുള്ള മന്ത്രിസഭാതീരുമാനം പൻവലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നതാണ് എന്നത് വിസ്മരിച്ചുകൊണ്ടാണ് സർക്കാർ പുതിയ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. പാലോളി കമ്മിറ്റിയുടെ ശുപാർശ പ്രകാരം ന്യൂനപക്ഷ വകുപ്പ് രൂപീകരിച്ച് മുസ്‌ലിംകൾക്ക് മാത്രമായുള്ള ആനുകൂല്യം മറ്റെല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും കൂടി അർഹതയുള്ളതാക്കിയതാണ് ഈ പ്രതിസന്ധിയുടെ അടിസ്ഥാനം. മുസ്‌ലിം വിഭാഗങ്ങൾക്ക് മാത്രമായി വന്ന പദ്ധതികളെയും ആനുകൂല്യങ്ങളെയും അട്ടിമറിക്കാൻ നടക്കുന്ന നീക്കങ്ങളെ മതേതര സമൂഹം ചെറുക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

സമൂഹത്തിൽ തെറ്റുധാരണയുണ്ടാക്കി സാമുദായിക ധ്രുവീകരണം ഉണ്ടാക്കുകയും അത് മുതലെടുക്കുകയും ചെയ്യുന്നവരെ നാം തിരിച്ചറിയണം. എല്ലാ പിന്നാക്ക വിഭാഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഇത് ഒരു വിഭാഗത്തിന്റെ അവകാശങ്ങൾ ഹനിച്ചുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്നത് അംഗീകരിക്കാനാവില്ല. ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കാനായുള്ള സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ എങ്ങനെയാണ് പ്രായോഗികമായി നടപ്പിലാക്കുക എന്നത് സർക്കാർ വ്യക്തമാക്കണം.

വിഷയത്തിന്റെ അടിസ്ഥാനം മനസ്സിലാക്കി നടപടിയെടുക്കേണ്ടവർ തന്നെ സാമുദായിക വിഷയമായി ഇതിനെ അവതരിപ്പിക്കാൻ ശ്രമിച്ചത് കടുത്ത അനീതിയാണെന്ന് സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് എന്നിവർ ചൂണ്ടിക്കാട്ടി.

## സമുദായത്തെ പിന്നാക്കാവസ്ഥയിൽ തളച്ചിടാനുള്ള ശ്രമം: വിസ്ഡം യൂത്ത്

മലപ്പുറം: രാജ്യത്തെ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനായി ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി സമർപ്പിച്ച നിർദേശപ്രകാരമുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് ദുർബലപ്പെടുത്തി അനുപാതം പുനഃക്രമീകരിക്കാനുള്ള മന്ത്രിസഭാതീരുമാനം കടുത്ത അനീതിയും മുസ്‌ലിംസമുദായത്തെ പിന്നാക്കാവസ്ഥയിൽ തളച്ചിടാനുള്ള കുൽസിത ശ്രമവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

സമൂഹനീതിക്കായി ഏർപ്പെടുത്തിയ സംവരണങ്ങളും ആനുകൂല്യങ്ങളുമെല്ലാം സ്ഥിരപ്പെടുത്തേണ്ട മാനദണ്ഡം ജനസംഖ്യാനുപാതമാണെന്ന കണ്ടെത്തൽ അതിവിചിത്രമാണ്. ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖ്യമന്ത്രി ഏറ്റെടുത്തപ്പോൾ ന്യൂനപക്ഷങ്ങൾക്കുണ്ടായ പ്രതീക്ഷകൾക്ക് മങ്ങലേൽപിക്കുന്ന തീരുമാനമാണ് മന്ത്രിസഭ എടുത്തിരിക്കുന്നത്. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന സമുദായത്തിന് നിയമവിശാരദൻമാർ പഠിച്ച് നിർദേശിച്ച പരിഹാരമാർഗങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന് പകരം നിരാശയും അരക്ഷിതത്വവും നൽകുന്ന തീരുമാനങ്ങൾ പുനഃപരിശോധിക്കണം. എല്ലാ സമൂഹങ്ങളും ഒരുപോലെ വികസിക്കുമ്പോഴാണ് രാജ്യത്തിന് പുരോഗതിയുണ്ടെന്ന് പറയാനാവുകയെന്ന സാമാന്യബോധം അധികാരികൾക്ക് നഷ്ടപ്പെടുന്നത് പ്രതിഷേധാർഹമാണ്. മിടുക്കൻമാരായ ന്യൂനപക്ഷ നിർധന വിദ്യാർഥികളുടെ പ്രതീക്ഷകൾക്കുമേൽ കരിനിഴൽവീഴ്ത്തുന്ന മന്ത്രിസഭാതീരുമാനം പുനഃപരിശോധിച്ച് സച്ചാർ കമ്മിറ്റിയുടെ നിർദേശം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു. കെ.താജുദ്ദീൻ സ്വലാഹി, ഡോ.പി.എൻ ശബീൽ, അബ്ദുല്ല ഫാസിൽ, മുജീബ് ഒട്ടുമ്മൽ, പി.യു സുഹൈൽ, യു. മുഹമ്മദ് മദനി, ഡോ.ഫസലുർറഹ്മാൻ, ടി.കെ നിഷാദ് സലഫി, പി.വി.എ പ്രിംറോസ്, ഒ. മുഹമ്മദ് അൻവർ, ഡോ.പി.പി നസീഫ്, ജംഷീർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, ഹസൻ അൻസാരി പ്രസംഗിച്ചു.

മുഖമൊഴി

# കോവിഡും മാനസിക പ്രയാസങ്ങളും

**കൊ**റോണ വൈറസ് മനുഷ്യസമൂഹത്തെയാകമാനം വിടാതെ പിന്തുടരുക തന്നെയാണ്. ലോകത്ത് ഇരുപത് കോടിയോളം മനുഷ്യരെ കോവിഡ് 19 ബാധിച്ചു. നാൽപതു ലക്ഷം ആളുകൾ ലോകത്താകമാനം കോവിഡ് ബാധിച്ച് മരണപ്പെട്ടതായാണ് ഔദ്യോഗിക കണക്ക്. യാഥാർഥ്യം അതിലും എത്രയോ അധികമാകാനാണ് സാധ്യത. മനുഷ്യവംശത്തെ മുഴുവൻ ആശങ്കയുടെ മുൾമുനയിൽ നിർത്താനും നാശം വിതയ്ക്കാനും ഒരു വൈറസിന് സാധിക്കുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കൊവിഡ് ബാധ.

കോവിഡ് ബാധിച്ച ആളുകൾക്ക് അത് ശാരീരികമായും മാനസികമായും പ്രയാസമുണ്ടാക്കുമെന്നതിൽ സംശയമില്ല. എന്നാൽ കോവിഡ് ബാധിക്കാത്ത ആളുകളുടെ മാനസികാരോഗ്യത്തെയും അത് ബാധിക്കുന്നതായാണ് പുറത്തുവരുന്ന പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ആദ്യമൊക്കെ എവിടെയെങ്കിലും നടന്ന ഒറ്റപ്പട്ട കോവിഡ് മരണ വാർത്തകൾ അറിയുമ്പോൾ അത് തന്റെ കുടുംബത്തിലേക്കോ നാട്ടിലേക്കോ എത്തിയിട്ടില്ലല്ലോ എന്ന ആശ്വാസവും എത്തില്ലെന്ന ശുഭാപ്തി വിശ്വാസവുമാണ് ആളുകൾക്കുണ്ടായിരുന്നത്. എന്നാൽ ആ അവസ്ഥ പാടെ മാറിയിരിക്കുന്നു. തന്റെ പ്രദേശത്ത് എന്നല്ല, അയൽപക്കത്തും കുടുംബത്തിലും കോവിഡ് ബാധിച്ചുള്ള മരണം കടന്നു വന്നിരിക്കുന്നു എന്ന യാഥാർഥ്യം അനുഭവിച്ചറിഞ്ഞിരിക്കുകയാണ് എല്ലാവരും. പതിനയ്യായിരത്തോളം ആളുകൾ നമ്മുടെ സംസ്ഥാനത്തുതന്നെ മരണപ്പെട്ടതായാണ് ഔദ്യോഗിക കണക്ക്. അതിലധികമുണ്ടെന്ന് ആശുപത്രികളിൽ നടന്ന മരണങ്ങളുടെ കണക്ക് ഉദ്ധരിച്ചുകൊണ്ട് മാധ്യമങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

തന്റെ ചുറ്റുപാടിലുള്ളവരും പരിചയക്കാരും സുഹൃത്തുക്കളും മരണത്തിന് കീഴ്പെടുമ്പോൾ, കുടുംബത്തിൽ മരണം സംഭവിക്കുമ്പോൾ സ്വാഭാവികമായും വല്ലാത്തൊരു ഭയം ഉള്ളിൽ നിറയും. തനിക്ക് രോഗംവരുമോ എന്ന ഭയം മുതൽ പ്രിയപ്പെട്ടവരെ രോഗംമൂലം നഷ്ടപ്പെട്ടതിന്റെ ദുഃഖംവരെയുള്ള വ്യത്യസ്ത കാരണങ്ങളാൽ കോവിഡ് ആളുകളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നുണ്ട്.

തനിക്ക് രോഗം പിടിപെടുമോ എന്ന ഭയമാണ് മുതിർന്നവർക്കുള്ളത്. സങ്കടം, നിരാശ, ദേഷ്യം തുടങ്ങിയവ അത്തരക്കാരിൽ വളരുന്നു. വീടിനുള്ളിൽ ഒതുങ്ങിക്കൂടുന്നതിന്റെ ബുദ്ധിമുട്ടുകളും ഉപജീവനമാർഗം അടഞ്ഞതിലെ പ്രയാസവും അവരെ മാനസികമായി കൂടുതൽ തളർത്തും.

കുട്ടികളിൽ രക്ഷിതാക്കളെ അമിതമായി ആശ്രയിക്കുന്ന മനോഭാവം, ദേഷ്യം, നിസ്സഹകരണം, പേടി, ഉൾവലിയുന്ന സ്വഭാവം എന്നിവ പ്രകടമാകുന്നതായാണ് പഠനങ്ങൾ പറയുന്നത്. അതിനാൽ അവർക്ക് ക്ക് പ്രത്യേക പരിഗണന നൽകേണ്ട സമയംകൂടിയാണിത്. കുട്ടികൾ പറയുന്നത് ശ്രദ്ധാപൂർവം കേൾക്കുവാൻ രക്ഷിതാക്കൾ തയ്യാറാകേണ്ടതുണ്ട്. തങ്ങളുടെ വിഷമങ്ങൾ തുറന്നുപറയാൻ അവസരം ലഭിക്കുന്നത് അവർക്ക് ആശ്വാസം പകരും.

സ്കൂളിൽ പോകാൻ കഴിയുന്നില്ലെന്നു മാത്രമല്ല വീട്ടിൽനിന്നുതന്നെ പുറത്തിറങ്ങാനോ മറ്റു കുട്ടികളുമായി സംസാരിക്കാനോ കളിക്കാനോ അവസരമില്ലാത്ത സാഹചര്യവും ഓൺലൈൻ പഠനത്തിനായി മണിക്കൂറുകളോളം മൊബൈൽ ഫോണിനു മുന്നിലിരിക്കുകയും ചെയ്തുതീരാത്തത്ര ഹോംവർക്കുകൾ നൽകപ്പെടുകയും ചെയ്യുന്ന അവസ്ഥ അവരെ മാനസികമായി പ്രയാസപ്പെടുത്തുണ്ടാകും. ഇക്കാര്യങ്ങൾ കണ്ടറിഞ്ഞ് രക്ഷിതാക്കൾ അവരോട് ഇടപെടേണ്ടതുണ്ട്.

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രയാസങ്ങളും പ്രതിബന്ധങ്ങളും നിരാശപ്പെടേണ്ട കാര്യങ്ങളല്ല. സംശുദ്ധ ജീവിതവും അകമഴിഞ്ഞ പ്രാർഥനയും സ്രഷ്ടാവിലുള്ള ഭരമേൽപിക്കലും അവർക്ക് മാനസികമായ കരുത്ത് പകരുന്ന കാര്യങ്ങളാണ്.

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നവർ

അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിലേക്കെത്തുന്ന അതിഥിയാണ് മരണം. ഗർഭസ്ഥശിശു മുതൽ വയോവൃദ്ധർവരെയുള്ളവരുടെ ജീവന്റെ തുടിപ്പവസാനിക്കാൻ സമയമേതും തടസ്സമല്ല. നമ്മോട് അനുവാദം ചോദിക്കാതെ ഈലോകത്ത് നമ്മെ ജനിപ്പിച്ച ദൈവം തിരിച്ചുവിളിക്കാനും ആരുടെയും അനുവാദം ചോദിക്കാറില്ല. ജനനവും മരണവും നമ്മുടെ നിയന്ത്രണത്തിലല്ലെന്ന യാഥാർഥ്യം സാമാന്യബുദ്ധിയുള്ളവരാരും നിഷേധിക്കില്ല. അത് ദൈവവിശ്വാസികളും നിഷേധികളും ഒരുപോലെ അംഗീകരിക്കുന്ന യാഥാർഥ്യങ്ങളിൽ ഒന്നാണ്. മനുഷ്യൻ സർവതന്ത്ര സ്വതന്ത്രണരാകണമെന്ന് വാദിക്കുന്നവർ തന്നെ ജീവന്റെ പാരതന്ത്ര്യം അംഗീകരിക്കുന്നതിനെ വിരോധാഭാസമായി കാണാനേ തരമുള്ളൂ. മരണമെന്ന യാഥാർഥ്യത്തിന് മുമ്പിൽ കണ്ണീരിൽകുതിർന്ന നിസ്സംഗത മാത്രമാണ് ദൈവനിഷേധികൾക്ക് ഉണ്ടാവാറുള്ളത്. മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ പോലും ആവാത്ത നിസ്സഹായതയും ശൂന്യതയും അവർ കൊണ്ടുനടക്കുന്ന ആശയത്തിന്റെ പാപ്പരത്തം വിളിച്ചോതുന്നതാണ്.

ജനനം പോലെ മരണവും അപ്രതീക്ഷിതമാണെന്ന് അംഗീകരിക്കുന്നവർ തന്നെ മരിച്ചുകളയുന്ന കാഴ്ചകളാണ് പലപ്പോഴും നമ്മെ തേടിയെത്തുന്നത്. ആത്മഹത്യ ചെയ്യുന്നവർ നമുക്ക് ചുറ്റും കൂടിവരുന്നു എന്നതാണ് കണക്കുകൾ തെളിയിക്കുന്നത്. പ്രതിസന്ധികളിൽനിന്നുള്ള ഒളിച്ചോട്ടമാണ് പലപ്പോഴും ആത്മഹത്യ. പ്രതിസന്ധികളെ തരണംചെയ്യാനുള്ള മാനസികാവസ്ഥ നഷ്ടമാകുന്നതോ ധൈര്യം ചോർന്ന് പോകുന്നതോ ഭാവിയെക്കുറിച്ചുള്ള ആശങ്കയോ അതുമല്ലെങ്കിൽ എതിരാളിയെ പാഠം പഠിപ്പിക്കാം എന്നചിന്തയോ ഒക്കെയാവാം ആത്മഹത്യയിലേക്ക് പലരെയും നയിക്കുന്നത്. മരിച്ചവരാരും തിരിച്ചുവന്നിട്ടില്ല. അതുകൊണ്ട്തന്നെ ആത്മഹത്യ ഈ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് മരിച്ചവർക്ക് ഒന്നും അറിയാൻ സാധ്യമല്ല. മറിച്ച് ജീവിച്ചിരിക്കുന്ന നാം അത്തരം പ്രവണതകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും സമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

ആരെങ്കിലും ആത്മഹത്യ ചെയ്തതുകൊണ്ട് ലോകത്ത് പ്രത്യേകിച്ച് എന്തെങ്കിലും മാറ്റങ്ങൾ വന്നതായി കാണുക സാധ്യമല്ല. ആരുടെയും ജനനമോ മരണമോ മൂലം ലോകത്തിന് പ്രത്യേക മാറ്റങ്ങൾ സംഭവിക്കുന്നില്ലെന്നത് ഒരു യാഥാർഥ്യമായി നാമൊക്കെ ഉൾക്കൊള്ളേണ്ടതാണ്. 'ഞാൻ' എന്ന മനോഭാവം മാറിക്കിട്ടാൻ അത് സഹായകമായേക്കാം. 'ഞാൻ' ഉള്ളതുകൊണ്ടാണ് ലോകത്ത് എന്തെങ്കിലും നടക്കുന്നത് എന്നോ 'ഞാൻ' ഇല്ലെങ്കിൽ അതൊന്നും നടക്കില്ല എന്നോ ചിന്തിക്കുന്നവർ വിഡ്ഢികളാണ്. ലോകം ഉണ്ടായത് മുതൽ ഇന്നുവരെയും നാളെയും അതിന്റെ പ്രയാണം തുടർന്നകൊണ്ടേയിരിക്കും. കോടിക്കണക്കിന് മനുഷ്യരിൽ ഒരാൾ മാത്രമാണ് താൻ എന്ന ബോധ്യം നമ്മെ എത്രത്തോളം സ്വാധീനിക്കുന്നുവോ അത്രത്തോളം യാഥാർഥ്യബോധത്തോടെ ജീവിക്കാൻ നമുക്ക് സാധിക്കും.

ആത്മഹത്യ ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നതിൽ സംശയമില്ല. ആരെങ്കിലും ആത്മത്യ ചെയ്താൽ അവരോട് ഏറ്റവും അടുപ്പമുള്ളവരെയാണ് അത് പ്രയാസപ്പെടുത്തുക. ദിവസങ്ങൾ കഴിഞ്ഞാൽ അവരും അത് മറക്കും. യാഥാർഥ്യങ്ങളോട് പൊരുത്തപ്പെട്ട് അവരുടെ ജീവിതം മുന്നോട്ട് പോവുകയും ചെയ്യും. അതുകൊണ്ട് തന്നെ ആത്മാഹുതി ചെയ്യുന്നതിന്റെ നഷ്ടം അവരവർക്ക് തന്നെയാണ്. അത് മറ്റുള്ളവരെ ബാധിക്കുന്നത് വിരളമായി മാത്രം. പ്രതിസന്ധികളിൽനിന്ന് ഒളിച്ചോടുന്ന ഇത്തരം ആളുകൾ അതുമായി ബന്ധപ്പെട്ടവരെ വലിയ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നതിനും ഹേതുവാകാറുണ്ട്.

ജീവിതം എന്നത് അപ്രതീക്ഷിത സംഭവങ്ങളുടെ ഒരു ചങ്ങലയാണ്. ജനിച്ചതുമുതൽ മരിക്കുന്നതുവരെ നിരവധി അപ്രതീക്ഷിത കാര്യങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കും. അതിൽനിന്നും ഒഴിഞ്ഞുമാറുക എന്നത് അസാധ്യമാണ്. ദൈവനിശ്ചയപ്രകാരമേ ലോകത്ത് കാര്യങ്ങൾ നടക്കുകയുള്ളൂ. അതുകൊണ്ട് തന്നെ ജീവിതത്തിൽ സംഭവിക്കുന്ന ഗുണദോഷങ്ങളുടെ മുമ്പിൽ പതറിപ്പോകാതെ അവയെ നേരിടുകയും ക്രിയാത്മകമായി പ്രതിസന്ധികളെ അതിജയിക്കുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. ജീവിതം അവസാനിപ്പിക്കുക എന്ന ബുദ്ധിശൂന്യത ചെയ്യാതിരിക്കാനുള്ള അടിസ്ഥാനപരമായ ഈ തിരിച്ചറിവ് പലർക്കും നഷ്ടപ്പെടുന്നു എന്ന് വേണം സമകാലിക സംഭവങ്ങളിൽനിന്ന് വായിച്ചെടുക്കാൻ.

തന്റെ ജീവിതത്തിൽ സംഭവിക്കുന്നത് മുഴുവനും താൻ വിചാരിക്കുന്നത് പോലെയായിരിക്കണം എന്ന ചിന്ത അവിവേകമാണ്. ജീവിതയാത്രയിൽ നേരിടേണ്ടിവരുന്ന മുഴുവൻ പ്രശ്നങ്ങൾക്കും ഇഹലോകത്ത് പരിഹാരം കാണാൻ സാധ്യമല്ല. എന്നാൽ പരിഹാരം കാണാനുള്ള പരിശ്രമം അനിവാര്യമാണ്. എല്ലാ പ്രശ്നങ്ങൾക്കും സ്വയം പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാകട്ടെ കൂടുതൽ പ്രതിസന്ധികളിലേക്ക് നമ്മെ നയിച്ചേക്കാം. പരിഹാരം നിർദേശിക്കാനും സഹായിക്കാനും കഴിയുന്ന ആളുകളുടെ സഹായം തേടുക എന്നത് പ്രധാനമാണ്. പലർക്കുമുള്ള പ്രശ്നം ജീവിതത്തിലെ സുഖദുഃഖങ്ങൾ പങ്കുവെക്കാൻ ആത്മാർഥ സൗഹൃദങ്ങളോ ബന്ധങ്ങളോ ഇല്ലാതെ പോകുന്നു എന്നതാണ്. എല്ലാം മനസ്സിൽ സൂക്ഷിച്ച് ഒടുവിൽ മനസ്സിന്റെ നിയന്ത്രണം നഷ്ടമാവുകയും അവിവേകം പ്രവർത്തിക്കുകയും ചെയ്യും. നമ്മുടെ പ്രശ്നങ്ങൾ കേൾക്കുകയും അതിന് അവധാനതയോടെ പ്രായോഗിക പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്ന ബന്ധങ്ങൾ നമുക്ക് ഉണ്ടാവണം. അത് ആത്മാർഥമായി ശ്രമിച്ചാൽ സാധ്യവുമാണ്. എല്ലാറ്റിനും കൗൺസിലിംഗ് സെന്ററുകളെ സമീപിക്കുന്ന രീതി പ്രോത്സാഹിപ്പിക്കേണ്ടതല്ല. അത് പലപ്പോഴും സാമ്പത്തികമോ മറ്റു

നിലയിലോ ഉള്ള ചൂഷണങ്ങൾക്ക് കാരണമായേക്കാം. എല്ലാ ഇടങ്ങളിലും നല്ലതും ചീത്തയുമുണ്ട്; ചീത്തയിലേക്ക് എത്തിപ്പെടാതിരിക്കാൻ ജാഗ്രത അനിവാര്യമാണ്.

എല്ലാറ്റിലുമുപരി ഇസ്‌ലാം നിർദേശിക്കുന്ന പരിഹാരം തേടാൻ നമുക്ക് സാധിക്കണം. ഇസ്‌ലാം സകല ചൂഷണങ്ങളെയും എതിർക്കുന്ന മതമാണ്. ഇടനിലക്കാരില്ലാതെ സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ദൃഢബന്ധം കാത്തുസൂക്ഷിക്കുവാനാണ് ഇസ്‌ലാം മാനവകുലത്തോട് ആവശ്യപ്പെടുന്നത്. അത് നൽകുന്ന ധൈര്യവും ആത്മവിശ്വാസവും ചെറുതല്ല. എന്തും എപ്പോഴും ആ നാഥനോട് ചോദിക്കാനും ആവലാതികൾ പറയാനും പ്രശ്നപരിഹാരം തേടാനുമൊക്കെ വിശ്വാസികൾക്ക് സാധ്യമാകണം. മറ്റാരുടെയും അറിവും ശിപാർശയും ഇല്ലാതെ തന്നെ നമുക്ക് അല്ലാഹുവിനോട് കാര്യങ്ങൾ ആത്മാർഥമായി പറയാനും പരിഹാരങ്ങൾ തേടാനും സാധിക്കും. പ്രതിസന്ധിയുടെ ചുഴിയിൽ അകപ്പെടുമ്പോൾ, പരിഹാരത്തിന്റെനേർത്ത പ്രതീക്ഷയും നഷ്ടപ്പെടുമ്പോൾ അല്ലാഹുവിൽ അഭയം തേടിയാൽ തന്റെ അടിമക്ക് അവൻ വഴിതുറന്നു കൊടുക്കാതിരിക്കില്ല. ഇബ്‌റാഹീം(عليه السلام) എന്ന പ്രവാചകൻ അഗ്നികുണ്ഡത്തിലേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ, തീയിനെ സൃഷ്ടിച്ച നാഥൻ തീയിന്റെ പ്രകൃതമായ ചൂടിനെ മാറ്റി തണുപ്പും സമാധാനവുമാക്കിയതും ആ പ്രതിസന്ധിയിൽനിന്ന് അദ്ദേഹത്തെ അല്ലാഹു രക്ഷപ്പെടുത്തിയതും യാഥാർഥ്യമാണെന്നു മനസ്സിലാക്കിയ, ഇസ്‌ലാമിനെ ജീവിത വെളിച്ചമായി സ്വീകരിച്ചവർക്ക് എത്ര വലിയ പ്രതിസന്ധികളെയും നേരിടാനുള്ള ആത്മധൈര്യവും ഇച്ഛാശക്തിയുമുണ്ടാകുമെന്നതിൽ സംശയമില്ല.

## ആത്മഹത്യയും ഭരണകൂടവും

ഇന്ത്യയെപോലെയുള്ള ഒരു ജനാധിപത്യ രാജ്യത്ത് ജനങ്ങളുടെ ജീവിതവുമായി അഭേദ്യമായ ബന്ധം ഭരണകൂടങ്ങൾക്കുണ്ട്. അവരുടെ മാനസികവും ശാരീരികവും സാമ്പത്തികവും അടക്കം ജീവിതത്തിന്റെ വിവിധതലങ്ങളുടെ സംതൃപ്തമായ സാഹചര്യം നിലനിർത്തുന്നതിൽ ഭരണകൂടങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കുന്ന ഭരണകൂടം എന്നതാണ് ജനാധിപത്യ ഭരണകൂടങ്ങളെ വിശേഷിപ്പിക്കാറുള്ളത്. എന്നാൽ ഇപ്പോഴത് ഭരണകർത്താക്കൾക്ക് വേണ്ടി തെരഞ്ഞെടുക്കുന്ന ഭരണകൂടം എന്ന് തിരുത്തിപ്പറയേണ്ട സാഹചര്യമാണുള്ളത്.

ലോകം മുഴുവൻ സ്തംഭിച്ച അപ്രതീക്ഷിത സംഭവമാണ് കോവിഡ് മഹാമാരി. മനുഷ്യന്റെ കണക്ക് കൂട്ടലുകളെയെല്ലാം തകിടം മറിച്ച് പാവങ്ങളെന്നോ പണക്കാരനെന്നോ വികസിത, വികസ്വര, അവികസിത രാജ്യങ്ങൾ എന്നോ വ്യത്യാസമില്ലാതെ ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന മുഴുവൻ മനുഷ്യരെയും ബാധിച്ചിരിക്കുന്ന ഒരു മഹാമാരിയുടെ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകത്തെ മുഴുവൻ സംവിധാനങ്ങളെയും നിശ്ചലമാക്കിയും എല്ലാവരെയും ഭീതിപ്പെടുത്തിയും കൊറോണ നമ്മെ പിടികൂടിയിട്ട് വർഷം രണ്ടാകാൻ പോകുന്നു. മനുഷ്യൻ ഇടപെടുന്ന സകല മേഖലകളെയും ഈ മഹാമാരി ഗുരുതരമായ പ്രത്യാഘാതങ്ങൾ വരുത്തി.

ലോക്ഡൗൺ അടക്കമുള്ള അപ്രായോഗിക നടപടികളിലൂടെ രോഗവ്യാപനം തടയാൻ നടത്തിയ ശ്രമങ്ങൾ ഒരു പരിധിവരെ പരാജയപ്പെട്ടെന്ന് വേണം മനസ്സിലാക്കാൻ. സക്രിയമായ മനുഷ്യസമൂഹത്തെ നാലു ചുമരുകൾക്കുള്ളിൽ ഒതുക്കി എന്തെങ്കിലും തരത്തിലുള്ള വിജയം നേടാം എന്ന് വിചാരിക്കുന്നത് മൗഢ്യമാണെന്ന് ഇനിയെങ്കിലും നമ്മുടെ ഭരണാധികാരികൾ തിരിച്ചറിയണം. നിയന്ത്രണങ്ങൾ വേണ്ടെന്ന് ഒരിക്കലും പറയുന്നില്ല. കെട്ടിയിടലും നിയന്ത്രണങ്ങളും തമ്മിൽ അജഗജാന്തരമുണ്ട്. മനുഷ്യന്റെ സാമൂഹിക ചംക്രമണ വ്യവസ്ഥയെ നിശ്ചലമാക്കിയാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവും. സാമ്പത്തിക രംഗത്ത് നമ്മുടെ രാജ്യവും സംസ്ഥാനവും അനുഭവിക്കുന്ന പ്രതിസന്ധി മറികടക്കാൻ ഇനിയും വർഷങ്ങളെടുക്കുമെന്ന് വസ്തുനിഷ്ഠമായി കാര്യങ്ങളെ വിലയിരുത്തുന്നവർക്ക് ബോധ്യപ്പെടും. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പരിഷ്കാരങ്ങൾ പലതും സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ലെന്ന് പരക്കെ ആക്ഷേപമുണ്ട്. ഇത് പലരുടെയും ജീവനോപാധികളുടെ തകർച്ചക്ക് കാരണമാവുകയും ആത്മഹത്യയെന്ന അവിവേകത്തിലേക്ക് പലരെയും തള്ളിവിടുകയും ചെയ്തു. ഭരണകർത്താക്കളും ഉദ്യോഗസ്ഥരും അടങ്ങുന്നവർ ശീതീകരിച്ച മുറികളിലിരുന്ന് ഉത്തരവുകൾ ഇറക്കുമ്പോൾ അവയുടെ പ്രായോഗികതയെ കുറിച്ച് ചിന്തിക്കുകയോ അത് സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ആലോചിക്കുകയോ ചെയ്യുന്നില്ലെന്ന് വ്യക്തമാണ്.

ഈ പ്രതിസന്ധി ഘട്ടത്തിലും തങ്ങളുടെ വരുമാനത്തിൽ വലിയ ഇടിവ് സംഭവിക്കാത്തവരാണ് സർക്കാർ ഉദ്യോഗസ്ഥരും ഭരണകൂടത്തിന്റെ ഭാഗമായി നിൽക്കുന്ന മറ്റുള്ളവരും. അതിനപ്പുറമുള്ള ബഹുഭൂരിപക്ഷം ജനതയെ മറന്നുകൊണ്ടുള്ള നയങ്ങളും തീരുമാനങ്ങളും ആത്മഹത്യാ പ്രേരകങ്ങളായി മാറുന്നു എന്ന തിരിച്ചറിവ് എന്നാണിവർക്ക് ഉണ്ടാവുക? വ്യാപാര, വ്യവസായ സേവന സ്ഥാപനങ്ങൾക്ക് മദ്യശാലകളോളം പ്രാധാന്യം ലഭിക്കാത്തത് മദ്യം സർക്കാരിന്റെ ഏറ്റവുംവലിയ വരുമാനമാർഗം ആവുകയും മറ്റുള്ളവ ജനങ്ങളുടെ വരുമാനമാർഗമാണ് എന്നുള്ളതുമാണ്. ഭരണകൂടം തങ്ങളുടെ ഭദ്രതയെയാണ് ജനങ്ങളുടെ ജീവിതത്തെക്കാൾ പ്രാധാന്യത്തോടെ കാണുന്നത് എന്നത് വ്യക്തം. ഭക്ഷ്യക്കിറ്റുകൾ നൽകിയത് നല്ല കാര്യം തന്നെ. ഏതാനും കമ്പനികൾക്ക് കൊള്ളലാഭം നേടാനും ചില ഉദ്യോഗസ്ഥർക്ക് അഴിമതി നടത്താനും അത്കൊണ്ടായി. കിറ്റിൽ അടങ്ങിയ വസ്തുക്കളുടെ തുക നേരിട്ട് ജനങ്ങളിലേക്ക് എത്തിയിരുന്നുവെങ്കിൽ പെട്ടിക്കട മുതൽ വലിയ വ്യാപാര സ്ഥാപനങ്ങളിൽ വരെ ആ പണം സഞ്ചരിച്ച് സർക്കാരിന്റെ ഖജനാവിൽ തന്നെ തിരിച്ചെത്തുമായിരുന്നു. പണം കെട്ടിക്കിടക്കേണ്ടതല്ലെന്നും അത് നിർബാധം സഞ്ചരിച്ചാൽ മാത്രമെ സമൂഹത്തിന്റെ സാമ്പത്തികാരോഗ്യം ശരിയാംവിധം നിലനിക്കുകയുള്ളൂ എന്നുമുള്ള സാമ്പത്തിക ശാസ്ത്രത്തിന്റെ ബാലപാഠംപോലും അറിയാത്തവരാണോ നമ്മുടെ ഭരണാധികാരികൾ?

സമൂഹം എന്ന പരസ്പരം കെട്ടുപിണഞ്ഞു നിൽക്കുന്ന ഒരു കൂട്ടത്തിന്റെ ഏതെങ്കിലും ചില ഭാഗങ്ങളിൽ മാത്രം ഉണ്ടാകുന്ന വളർച്ചയോ ലഭിക്കുന്ന ആനുകൂല്യമോ അർബുദമാണ്. സമൂഹമാകുന്ന ശരീരത്തിന്റെ മുഴുവൻ ഭാഗത്തിനും അർഹിക്കുന്ന പരിഗണന ലഭിക്കേണ്ടതുണ്ട്. മറിച്ചുള്ള ഇടപെടൽ വിപരീത ഫലമാണുണ്ടാക്കുക. അത് ആത്മഹത്യയിലേക്ക് പലരെയും തള്ളിവിടുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

നിഷ്കളങ്കയായ ഒരു വൃദ്ധയെ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ ചോദ്യം ചെയ്ത് അതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് അപമാനിച്ച് ആത്മനിർവൃതിയടഞ്ഞ ഉദ്യോഗസ്ഥരുണ്ട്. മദ്യശാലകൾക്ക് മുമ്പിൽ നടക്കുന്ന പ്രോട്ടോക്കോൾ ലംഘനങ്ങൾ കാണാൻ കാണേണ്ടവർക്ക് കണ്ണില്ലാതെ പോകുകയും ചെയ്യുന്നു! ജീവിതം വഴിമുട്ടുമ്പോൾ വിവേകമില്ലാത്തവർ ജീവിതത്തിൽനന്നുതന്നെ ഒളിച്ചോടാൻ ശ്രമിക്കും. അതിനുള്ള അവസരം ഇല്ലാതാക്കൽ ഭരണകൂടത്തിന്റെ കടമയാണ്.



### ആത്മഹത്യ പാപമാണ്

ഇസ്‌ലാമിക വീക്ഷണത്തിൽ ആത്മഹത്യ ഗുരുതരമായ പാപമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്ന പക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു" (ക്വുർആൻ 4:29,30).

ഒട്ടേറെ പ്രവാചക വചനങ്ങൾ ആത്മഹത്യയുടെ ഗൗരവത്തെ കുറിച്ചും അതിന്റെ ശിക്ഷയെ കുറിച്ചും മുന്നറിയിപ്പ് നൽകുന്നുണ്ട്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "ഒരാൾ മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ, അവൻ നരകത്തിൽ വെച്ചും അപ്രകാരം നിത്യവും വീണുകൊണ്ടേയിരിക്കും. വിഷം കഴിച്ച് ആത്മഹത്യ ചെയ്തവൻ നരകത്തിൽ എന്നെന്നും വിഷം കഴിച്ചുകൊണ്ടേയിരിക്കും. അവന്റെ കയ്യിൽ വിഷം എപ്പോഴും ഉണ്ടായിരിക്കും. ഒരാൾ ആയുധം ഉപയോഗിച്ച് സ്വശരീരത്തെ വധിച്ചാൽ അവൻ കാലാകാലവും നരകത്തിൽവെച്ച് ആയുധംകൊണ്ട് തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. ആ ആയുധം അവന്റെ കയ്യിൽ എപ്പോഴും ഉണ്ടായിരിക്കും" (സ്വഹീഹുൽ ബുഖാരി).

"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്"(13:28).

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി




# ഡാനിഷിന്റെ അന്ത്യം: അഫ്ഗാനിൽ പുകയുന്നതെന്ത്?

> ഇരുപതുവർഷങ്ങളായി അസ്ഥിരതയും അരാജകത്വവും പടരുന്ന അഫ്ഗാനിൽ നിന്നും നാറ്റോ സൈന്യം പിൻവാങ്ങുമ്പോഴും ആഭ്യന്തര ശൈഥില്യത്തിൽ ഒട്ടും അയവു വന്നിട്ടില്ല. ഡാനിഷ് സിദ്ദീഖി ദാരുണമായി കൊലചെയ്യപ്പെട്ട സംഭവം അഫ്ഗാൻ പോരാളികൾ ഇപ്പോഴും സമാധാനത്തിന്റെയോ നൈതികതയുടെയോ പാതയിലേക്ക് എത്തിയിട്ടില്ലെന്ന സന്ദേശമാണ് നൽകുന്നത്. യുദ്ധമല്ല, സമാധാനമാണ് ഇസ്‌ലാമിന്റെ ആത്യന്തികലക്ഷ്യം എന്ന് ഇവരിനിയും മനസ്സിലാക്കിയില്ലെങ്കിൽ അഫ്ഗാന്റെ ഭാവി തീർത്തും ആശങ്കാജനകമാണ്.

**ലോ**കപ്രശസ്ത ഫോട്ടോ ജേർണലിസ്റ്റ് ഡാനിഷ് സിദ്ദീഖി അഫ്ഗാനിൽവെച്ച് വെടിയേറ്റുമരിച്ച സംഭവം സമാധാനത്തെ സ്നേഹിക്കുന്ന ജനമനസ്സുകളിൽ ഒട്ടേറെ ആകുലതകൾ കോരിയിടുകയാണ്. ലോകം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോഴെല്ലാം വളച്ചുകെട്ടലുകളില്ലാത്ത നേർചിത്രങ്ങളിലൂടെ സത്യത്തെയും നൈതികതയെയും ലോകത്തിന്

മുമ്പിൽ തുറന്നുകാട്ടിയ പ്രകാശചിത്ര പത്രപ്രവർത്തകനായിരുന്നു ഡാനിഷ്. 2018ൽ പുലിറ്റ്സർ അവാർഡ് ലഭിച്ച, റോഹിങ്ക്യൻ അഭയാർഥികളുടെ ദൈന്യതകൾ വിവരിക്കുന്നതും, പൗരത്വ പ്രക്ഷോഭകർക്ക് നേരെ ഡൽഹിയിൽ നടന്ന ക്രൂരതകളെ ലോകത്തിന് മുമ്പിൽ തുറന്നുകാണിക്കുന്നതും, മഹാമാരിയിൽ ശ്വാസംമുട്ടി പിടയുന്ന ഡൽഹിയിലെ ആശുപത്രികളുടെ ദയനീയമുഖങ്ങൾ വെളിപ്പെടുത്തുന്നതും, ഗാസിയാബാദിലെ കർഷക പ്രക്ഷോഭത്തിന്റെ അപൂർവ ചിത്രങ്ങൾ അനാവരണം ചെയ്യുന്നതും, കോവിഡ് കാലത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ പലായനങ്ങളുടെ കദനകഥകൾ പറയുന്നതുമായ; ലോകമനഃസാക്ഷിയുടെ ഉള്ളറകളിൽ നൊമ്പരങ്ങളുടെ ഉഴവുചാലുകൾ തീർത്ത ഒട്ടനവധി ചിത്രങ്ങളാണ് ഡാനിഷിന്റെ ക്യാമറക്കണ്ണുകളിലൂടെ പുറത്തുവന്നുകൊണ്ടിരുന്നത്. ഡൽഹിയിൽ ജനിച്ച് ജാമിഅ മില്ലിയ്യയുടെ അഭിമാന ഭാജനമായി വളർന്ന മുപ്പത്തിയെട്ടുകാരൻ ഒടുവിൽ അഫ്ഗാനിലെ കാണ്ഡഹാറിൽവെച്ച് വെടിയേറ്റുമരിച്ച വാർത്തയാണ് കഴിഞ്ഞ ദിവസങ്ങളിൽ ലോകം ശ്രവിച്ചത്.

ഡാനിഷ് ഒരിക്കൽ ലോകത്തോട് വിളിച്ചുപറഞ്ഞത് ഇങ്ങനെയായിരുന്നു: 'ബിസിനസ്, രാഷ്ട്രീയം, സ്പോർട്സ് തുടങ്ങിയ, ലോകം ആഗ്രഹിക്കുന്ന പലതും റിപ്പോർട്ട് ചെയ്യാൻ എനിക്കിഷ്ടമാണെങ്കിലും എനിക്കേറെ പ്രിയം ലോകത്ത് നടക്കുന്ന വിവിധ സംഘർഷങ്ങളുടെ പേരിൽ ദുരിതങ്ങളനുഭവിക്കുന്ന സാധാരണക്കാരുടെ ദൈന്യമുഖങ്ങൾ വെളിച്ചത്തേക്ക് കൊണ്ടുവരാനാണ്.' അതുപറഞ്ഞ ഡാനിഷിന് അതേ സംഘർഷങ്ങളുടെ പേരിൽതന്നെ ഉന്മൂലനം ചെയ്യപ്പെടാനായിരുന്നു വിധി! ഡാനിഷിന്റെ ജീവനെടുത്ത സംഘർഷം എന്തായിരുന്നു? എന്തിനുവേണ്ടിയായിരുന്നു? നൂറ്റാണ്ടുകൾ പിന്നിട്ട അഫ്ഗാനിസ്താനിലെ പരസ്പര വൈരവും സംഘർഷവും ആർക്കുവേണ്ടിയാണ്? ആഭ്യന്തരവും അന്തർദേശീയവുമായ ശക്തികൾ തമ്പടിച്ചിരിക്കുന്ന അഫ്ഗാൻ മലയോരങ്ങളിൽ ശാന്തിമന്ത്രങ്ങളുടെ തെളിനീരുകൾ തളിക്കാൻ ആർക്കാണ് സാധിക്കുക?

അഫ്ഗാൻ സൈന്യവും താലിബാനും തമ്മിലുള്ള പോരാട്ടത്തിനിടയിലാണ് ഡാനിഷിന് വെടിയേൽക്കുന്നത്. താലിബാൻ ഉതിർത്ത വെടികളാണ് ഡാനിഷിന്റെ നെഞ്ചകം പിളർത്തിയത് എന്നാണ് വാർത്തകൾ വന്നുകൊണ്ടിരുന്നത്. താലിബാൻ ഇത് നിഷേധിച്ചെങ്കിലും അഫ്ഗാനികളുടെ പരസ്പര വൈരങ്ങളുടെയും യുദ്ധക്കൊതിയുടെയും ആകെത്തുകയാണ് ഡാനിഷ് അടക്കമുള്ള നിരവധി മാധ്യമപ്രവർത്തകരുടെയും സാധാരണക്കാരുടെയും ജീവനെടുത്തത് എന്ന കാര്യത്തിൽ സംശയമില്ല. ലോകത്തെവിടെയും അധികാരക്കൊതിയന്മാരുടെ രീതി ഒരുപോലെയാണ്. തങ്ങൾ കാണിക്കുന്ന ക്രൂരതകൾ പുറംലോകം അറിയരുതെന്ന് അവർ ആഗ്രഹിക്കുന്നു. പുറംലോകത്തെ അറിയിക്കുന്ന മാധ്യമപ്രവർത്തകരെ ഉന്മൂലനം ചെയ്യുകയോ ഭീഷണിപ്പെടുത്തി കൂടെനിർത്തുകയോ ചെയ്യുന്ന രീതിയാണ് അവർ അവലംബിക്കുന്നത്.

### അഫ്ഗാനിലെ മനുഷ്യാവകാശ ലംഘനങ്ങൾ

അഫ്ഗാനിസ്താനിലെ സ്ഥിതിയും വ്യത്യസ്തമല്ല. മൂന്നു മാസങ്ങൾക്ക് മുമ്പ് തന്നെ ഹ്യൂമൻ റൈറ്റ് വാച്ച് (HRW) അഫ്ഗാനിസ്താനിൽ മാധ്യമപ്രവർത്തകർക്കെതിരെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെ പുറത്തുകൊണ്ടുവന്നിരുന്നു. അഫ്ഗാനികളായ മാധ്യമപ്രവർത്തകർക്ക് പോലും സുരക്ഷയില്ലെന്നും ക്രൂരമായി അവർ വേട്ടയാടപ്പെടുന്നുവെന്നുമാണ് ഹ്യൂമൻ വാച്ച് അവരുടെ ഔദ്യോഗിക വെബ്സൈറ്റിൽ കുറിച്ചത്. തങ്ങളുടെ സ്വാധീന മേഖലകളിൽ മാധ്യമപ്രവർത്തകർ

> **“റോഹിങ്ക്യൻ അഭയാർഥികളുടെ ദൈന്യതകൾ വിവരിക്കുന്നതും, പൗരത്വ പ്രക്ഷോഭകർക്ക് നേരെ ഡൽഹിയിൽ നടന്ന ക്രൂരതകളെ ലോകത്തിന് മുമ്പിൽ തുറന്നുകാണിക്കുന്നതും, മഹാമാരിയിൽ ശ്വാസംമുട്ടി പിടയുന്ന ഡൽഹിയിലെ ആശുപത്രികളുടെ ദയനീയമുഖങ്ങൾ വെളിപ്പെടുത്തുന്നതും, ഗാസിയാബാദിലെ കർഷക പ്രക്ഷോഭത്തിന്റെ അപൂർവ ചിത്രങ്ങൾ അനാവരണം ചെയ്യുന്നതും, കോവിഡ് കാലത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ പലായനങ്ങളുടെ കദനകഥകൾ പറയുന്നതുമായ; ലോകമനഃസാക്ഷിയുടെ ഉള്ളറകളിൽ നൊമ്പരങ്ങളുടെ ഉഴവുചാലുകൾ തീർത്ത ഒട്ടനവധി ചിത്രങ്ങളാണ് തീവ്രവാദികളുടെ കരങ്ങളാൽ കൊല്ലപ്പെട്ട ഡാനിഷിന്റെ ക്യാമറക്കണ്ണുകളിലൂടെ പുറത്തുവന്നുകൊണ്ടിരുന്നത്.”**

ക്കെതിരെ താലിബാൻ കമാൻഡർമാരും പോരാളികളും അക്രമങ്ങൾ അഴിച്ചുവിടുകയും വലിയ തോതിൽ ഭീഷണി മുഴക്കുകയും ചെയ്യുന്നുണ്ടെന്നാണ് അവർ കണ്ടെത്തിയത്. ഓരോ മാധ്യമപ്രവർത്തകനെ കുറിച്ചും അവരുടെ ജോലി, കുടുംബം, പ്രവർത്തനങ്ങൾ തുടങ്ങിയ മുഴുവൻ വിവരങ്ങളും ശേഖരിച്ചുവെക്കുകയും പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ച് മാധ്യമപ്രവർത്തകരെ സ്വയം സെൻസർ ചെയ്യാൻ നിർബന്ധിക്കുകയോ ജോലി ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ ശക്തമായ പ്രത്യാഘാതങ്ങൾ ഏൽക്കേണ്ടിവരുമെന്ന് താക്കീത് നൽകുകയോ ചെയ്യുന്നു. താലിബാന്റെ പ്രാദേശിക കമാണ്ടർമാർ പോലും അവരുടെ മേലധികാരികൾ പോലുമറിയാതെ ഭീഷണികൾ മുഴക്കുന്നു. ഒട്ടും സുരക്ഷിതരല്ലെന്ന വികാരമാണ് മാധ്യമപ്രവർത്തകർക്കുള്ളത്. ഒരു മാധ്യമപ്രവർത്തകൻ ആക്രമിക്കപ്പെട്ടുവെന്ന വാർത്ത പുറത്തുവരുമ്പോൾ അടുത്ത ഇര താനായിരിക്കാം എന്ന ഭീതിയാണ് ഓരോ മാധ്യമപ്രവർത്തകനും അനുഭവിക്കുന്നത്. അഫ്ഗാൻ മീഡിയകളിലെ 46 പേരുമായി നടത്തിയ അഭിമുഖങ്ങളിൽ നിന്നുള്ള അനുഭവങ്ങളാണ് ഹ്യൂമൻ വാച്ച് പ്രസിദ്ധപ്പെടുത്തിയത്. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന വനിതാ ജേർണലിസ്റ്റുകൾ വലിയ ഭീഷണിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അവർ റിപ്പോർട്ട് ചെയ്യുന്ന വിഷയങ്ങളെക്കാൾ അവർ വനിതകളായി എന്നതാണ് പ്രശ്നം. സ്ത്രീകളുടെ പൊതുപ്രവേശനത്തോട് താലിബാൻ ഉയർത്തുന്ന നിഷേധാത്മകമായ വിമുഖതയാണ് വനിതാ മാധ്യമപ്രവർത്തകർക്കെതിരെ ഭീഷണി മുഴക്കാനുള്ള കാരണമായി വിലയിരുത്തപ്പെടുന്നത്. (https://www.hrw.org/news/2021/04/01/afghanistantalibantarget journalists womenmedia).

## താലിബാന്റെ ന്യായീകരണം?

അതേസമയം അഫ്ഗാൻ ജേർണലിസ്റ്റ്സ് സേഫ്റ്റി കമ്മിറ്റി (AJSC) താലിബാന്റെ ന്യായീകരണത്തെ തള്ളുകയാണ്. '2020 നവംബർ മുതൽ വർധിച്ചു വന്ന കൊലപാതകങ്ങളെ താലിബാൻ അനുകൂലികൾ സോഷ്യൽ മീഡിയയിൽ സ്വാഗതം ചെയ്യുകയാണുണ്ടായത്. ഈ കൊലപാതകങ്ങളെ മതപരമായ ഉത്തരവാദിത്വമെന്നാണ് അവർ വിളിച്ചത്. മാധ്യമ പ്രവർത്തകർ പാശ്ചാത്യ രാജ്യങ്ങളുടെ ഏജന്റുമാരാണെന്നും പാശ്ചാത്യ മൂല്യങ്ങളാൽ ദുഷിപ്പിക്കപ്പെട്ടവരാണെന്നും അവർ ആരോപിച്ചു. അതുവഴി മാധ്യമപ്രവർത്തകർക്കും മാധ്യമങ്ങൾക്കുമെതിരായ ഏത് അക്രമവും അനുവദനീയമാണെന്ന് മാത്രമല്ല താലിബാൻ നടത്തുന്ന യുദ്ധത്തിന്റെ പ്രധാന ഭാഗമാണെന്നും അവർ സമൂഹമാധ്യമങ്ങളിൽ കുറിച്ചു. (https://www.ajsc. af/wpcontent/uploads/2021/02/AJCSAnnual Reports2020English.pdf).

എന്നാൽ ദോഹ ആസ്ഥാനമായി പ്രവർത്തിക്കുന്ന താലിബാന്റെ പൊളിറ്റിക്കൽ ഓഫീസ് ഇതെല്ലാം നിഷേധിക്കുകയാണ്. മാധ്യമപ്രവർത്തകർക്കെതിരെ ഒരു അതിക്രമവും പാടില്ലെന്ന് തങ്ങളുടെ പോരാളികൾക്ക് നിർദേശങ്ങൾ നൽകാറുണ്ടെന്നാണ് അവരുടെ അവകാശവാദം. മാധ്യമപ്രവർത്തകർ ഇസ്‌ലാമിക മൂല്യങ്ങൾ പാലിക്കാതിരിക്കുന്നത് കൊണ്ടാണ് അവർക്കെതിരെ വികാരങ്ങൾ ഉണ്ടാവുന്നതെന്നും അവർ വിശദീകരിക്കുന്നു. മാത്രവുമല്ല, അഫ്ഗാൻ സർക്കാർ സിവിലിയന്മാർക്ക് നേരെ നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങൾ മാധ്യമങ്ങൾ മറച്ചുവെക്കുന്നു. മാധ്യമപ്രവർത്തകരിൽ നല്ലൊരു ശതമാനം അഫ്ഗാനിലെ ഉന്നതരുടെ സ്വാധീന വലയത്തിലാണ്. സർക്കാറിന്റെ ചാരന്മാരെ പോലെയാണ് പല ജേർണലിസ്റ്റുകളും പ്രവർത്തിക്കുന്നത്. താലിബാന്റെ മറുപടികൾ ഇങ്ങനെയെല്ലാമാണ്. ഇങ്ങനെ പരസ്പരം പഴിചാരി കൊലകളെ ന്യായീകരിക്കുകയും രാജ്യത്തിന്റെ ദുർവിധിയെ സംബന്ധിച്ച് യാതൊരു സങ്കോചവുമില്ലാതെ പ്രതികരിക്കുകയുമാണ് ഭരണ, പ്രതിഭരണ വിഭാഗങ്ങൾ.


## എന്തുകൊണ്ട് അഫ്ഗാൻ ഇങ്ങനെ?

തൊണ്ണൂറു ശതമാനം സുന്നികളും ഒമ്പത് ശതമാനം ശിയാക്കളും അധിവസിക്കുന്ന അഫ്ഗാനിസ്താൻ ഒരു മുസ്‌ലിം രാഷ്ട്രമായിട്ടാണ് അറിയപ്പെടുന്നത്. സിഖ്, ഹിന്ദു, ക്രിസ്ത്യൻ, ജൂത, ബഹായി, സൊറോസ്ട്രിയൻ വിഭാഗങ്ങൾ മൊത്തത്തിൽ ഒരു ശതമാനം മാത്രമാണുള്ളത്. മഹാഭൂരിപക്ഷം മുസ്‌ലിംകൾ അധിവസിക്കുന്ന ഒരു രാജ്യത്ത് എന്തുകൊണ്ടാണ് അസ്ഥിരതയും അസ്വാരസ്യവും അരക്ഷിതാവസ്ഥയും സംജാതമാവുന്നത് എന്ന കാര്യം പഠനവിധേയമാകേണ്ടതുണ്ട്.

## അഫ്ഗാൻ: ഒരു ലഘുചരിത്രം

ബിസി ആറാം നൂറ്റാണ്ടിൽ ഹഖമാനി സാമ്രാജ്യത്തോടെയാണ് മധ്യേഷ്യയുടെ കവാടം എന്നറിയപ്പെടുന്ന അഫ്ഗാനിസ്താന്റെ ചരിത്രം അറിയപ്പെടുന്നത്. അലക്സാണ്ടറും മൗര്യന്മാരും സസാ

നിയന്മാരുമെല്ലാം ഭരിച്ചിരുന്ന അഫ്ഗാനിസ്താനിലേക്ക് ഖുലഫാഉർറാശിദുകളുടെ കാലത്തുതന്നെ ഇസ്‌ലാം എത്തിയിട്ടുണ്ട്. അമവി ഖലീഫ അബ്ദുൽ മലികിന്റെ കാലത്ത് ശക്തിപ്രാപിക്കുകയും ചെയ്തു. പിന്നീട് വിവിധ പ്രാദേശിക ഗോത്രങ്ങളുടെ ഭരണത്തിൻ കീഴിലായിരുന്നു പ്രദേശം. സഫാരി, സമാനി, ഗസ്നവി, സെൽജ്യൂക്, ഗോറി തുടങ്ങിയ സാമ്രാജ്യങ്ങൾ അവിടെ ഭരിച്ചു. പതിമൂന്നാം നൂറ്റാണ്ടിൽ ചെങ്കിസ്ഖാൻ പ്രദേശം കീഴടക്കി. ഒരു നൂറ്റാണ്ടോളം മംഗോളിയർ ഭരിച്ചു. പിന്നീട് കർത്ത്, ഇൽഖാനി, ചഗതായ്, തിമൂറി, സഫവി, മുഗൾ, ശൈബാനി, പഷ്തൂൺ, ദുറാനി തുടങ്ങിയ സാമ്രാജ്യങ്ങളുടെ കീഴിലായി. 1747 ൽ ദുറാനികളാണ് അഫ്ഗാന്റെ ഇന്നുകാണുന്ന അതിരുകൾ നിശ്ചയിച്ചത്. 1823 മുതൽ 1926 വരെ 'എമിറേറ്റ്സ് ഓഫ് അഫ്ഗാനിസ്താൻ' എന്ന പേരിൽ ബറക്സായ് വംശമാണ് ഭരണം നടത്തിയത്. ബ്രിട്ടീഷ് ഇന്ത്യയുമായി അതിര് പങ്കിട്ടിരുന്ന അന്നത്തെ അഫ്ഗാന് ബ്രിട്ടൻ ഒരു ഭീഷണിയായി. മൂന്ന് ആംഗ്ലോ അഫ്ഗാൻ യുദ്ധങ്ങളുണ്ടായി. ബ്രിട്ടീഷുകാർക്ക് മുട്ടുമടക്കേണ്ടിവന്നു. അമീർ എന്ന പദവി ഷാ എന്നാക്കി മാറ്റി. അതോടെ എമിറേറ്റ്സ് എന്നത് കിംഗ്ഡം ആയി മാറി. 1926 മുതൽ 1973 വരെ 'കിംഗ്ഡം ഓഫ് അഫ്ഗാനിസ്താൻ' എന്നറിയപ്പെട്ടു. 40 വർഷം തുടർച്ചയായി മുഹമ്മദ് സഹീർഷാ ഭരിച്ചു. ഒരു അട്ടിമറിയിലൂടെ 1973 ൽ ഒരു ജനാധിപത്യ രാഷ്ട്രമായി 'റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്താൻ' എന്ന പേര് സ്വീകരിച്ചു.



## അഫ്ഗാൻ മാർക്സിസ്റ്റ് ഭരണത്തിലേക്ക്

സഹീർഷായുടെ രാജഭരണത്തോടുള്ള വിരോധം കാരണമായിരുന്നു അട്ടിമറി. എന്നാൽ ഈ അട്ടിമറി അഫ്ഗാനിസ്താനെ മറ്റൊരു ദിശയിലേക്കാണ് കൊണ്ടുപോയത്. അട്ടിമറിക്ക് നേതൃത്വം നൽകിയത് 1965ൽ രൂപം കൊണ്ട പ്യുപ്പിൾ ഡെമോക്രാറ്റിക് പാർട്ടി ഓഫ് അഫ്ഗാനിസ്താൻ (PDPA) എന്ന കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയായിരുന്നു. നൂർ മുഹമ്മദ് തറാക്കി ആയിരുന്നു അതിന്റെ സ്ഥാപകൻ. അതുവഴി ഒരു മുസ്‌ലിം രാജ്യത്ത് കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന് സ്വാധീനമുള്ള ഭരണം രൂപംകൊണ്ടു. എന്നാൽ മാർക്സിസ്റ്റുകാരനല്ലാത്ത പ്രസിഡന്റ് ദാവൂദ് ഖാനും അധികാരത്തിലിരുന്ന മാർക്സിസ്റ്റുകളും തമ്മിൽ വലിയ സംഘർഷങ്ങളുണ്ടായി. സോർ വിപ്ലവം എന്ന പേരിലറിയപ്പെടുന്ന ഒരു സൈനിക അട്ടിമറിയിലൂടെ ദാവൂദ്ഖാനെ അവർ കൊലപ്പെടുത്തി. അങ്ങനെ 1978 ഏപ്രിൽ 30 മുതൽ അഫ്ഗാനിസ്താന്റെ അധികാരം പൂർണമായും മാർക്സിസ്റ്റുകൾ കൈയടക്കി. എന്നാൽ ഒരു വർഷം കഴിഞ്ഞതോടെ മാർക്സിസ്റ്റുകൾക്കിടയിൽ രൂപപ്പെട്ട അഭിപ്രായഭിന്നത ഒരു വിഭാഗം അമേരിക്കയെ പിന്തുണക്കുന്ന അവസ്ഥയിലേക്ക് നയിച്ചു. അമേരിക്കയെ പിന്തുണച്ചിരുന്ന പ്രസിഡന്റ് ഹഫീസുള്ള അമീനെ സോവിയറ്റ് യൂണിയൻ കൊലപ്പെടുത്തി. അതോടെ അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ മേഖലയിൽ സ്വാധീനം നേടാനുള്ള മത്സരം ശക്തമാക്കി.

## അഫ്ഗാൻ 'മുജാഹിദു'കളുടെ ആവിർഭാവം

അഫ്ഗാനിസ്താൻ മാർക്സിസ്റ്റുകളുടെ കൈകളിൽ ആയതോടെ ഇസ്‌ലാമിക വിശ്വാസവും പാരമ്പര്യവും ചോദ്യചിഹ്നമായി. ഇസ്‌ലാം മത വിശ്വാസികൾ മഹാഭൂരിപക്ഷമുള്ള നാട്ടിൽ ഒരു മാർക്സിസ്റ്റ് ഭരണം വിശ്വാസികൾക്ക് ചിന്തിക്കാൻ കഴിയുന്നതായിരുന്നില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാർക്സിസ്റ്റ് സർക്കാറിനെതിരെ ജനങ്ങൾ പ്രതിഷേധങ്ങൾ സം

ഘടിപ്പിച്ചുവന്നു. ഇത്തരം പ്രതിഷേധങ്ങളാണ് 'അഫ്ഗാൻ മുജാഹിദുകൾ' എന്ന പ്രതിരോധ കക്ഷികളെ സൃഷ്ടിച്ചത്. അഫ്ഗാനിസ്താനിലെ മാർക്സിസ്റ്റ് ഭരണകൂടത്തിനും സോവിയറ്റ് യൂണിയനുമെതിരെ സമരം ചെയ്യുന്ന അഫ്ഗാൻ മുജാഹിദുകൾക്ക് അമേരിക്ക പിന്തുണ നൽകി. അഫ്ഗാനികളോടുള്ള സ്നേഹമായിരുന്നില്ല മറിച്ച് സോവിയറ്റ് യൂണിയനോടുള്ള വിരോധവും മേഖലയിൽ പിടിമുറുക്കാനുള്ള തന്ത്രവുമായിരുന്നു അതിന്റെ പിന്നിൽ. പോരാട്ടത്തിനൊടുവിൽ 1989ൽ സോവിയറ്റ് യൂണിയൻ അഫ്ഗാനിൽനിന്നും പിന്മാറി. അതോടെ 1992ൽ മാർക്സിസ്റ്റുകളുടെ ഭരണത്തിൽനിന്നും അഫ്ഗാനിസ്ഥാൻ മോചിക്കപ്പെട്ടു. മുഹമ്മദ് നജീബുള്ളയായിരുന്നു മാർക്സിസ്റ്റ് ഭരണത്തിൻ കീഴിലുണ്ടായിരുന്ന അവസാനത്തെ പ്രസിഡന്റ്.

## അഫ്ഗാൻ മുജാഹിദുകളിലെ കലഹങ്ങൾ

അഫ്ഗാൻ മുജാഹിദുകൾ വിവിധ സംഘടനകളിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഹിക്മതിയാർ നേതൃത്വം നൽകിയിരുന്ന ഹിസ്ബെ ഇസ്‌ലാമി, ബുർഹാനുദ്ദീൻ റബ്ബാനിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ജംഇയ്യത്തെ ഇസ്‌ലാമി എന്നീ പ്രബല കക്ഷികൾക്ക് പുറമെ വേറെയും ധാരാളം സംഘടനകൾ ഉണ്ടായിരുന്നു. നജീബുള്ള പിൻവാങ്ങിയതോടെ അഫ്ഗാന്റെ അധികാരം അഫ്ഗാൻ മുജാഹിദുകളിൽ എത്തിച്ചേർന്നുവെങ്കിലും അവർക്കിടയിൽ ആഭ്യന്തര കലഹം രൂക്ഷമായി. അധികാരത്തിലെത്താൻ ഓരോ കക്ഷിയിലെയും നേതാക്കൾ പരസ്പരം പോരാടി. ഇത് അഫ്ഗാനിസ്താനെ അസ്ഥിരതയിലേക്ക് നയിച്ചു. സിബ്ഗത്തുള്ള മുജദ്ദിദി അൽപകാലം പ്രസിഡന്റ് ആയെങ്കിലും പിന്നീട് ദീർഘകാലം ബുർഹാനുദ്ദീൻ റബ്ബാനിയായിരുന്നു പ്രസിഡന്റ്. 'ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് അഫ്ഗാനിസ്താൻ' എന്നാണ് സർക്കാർ അറിയപ്പെട്ടിരുന്നത്.

## താലിബാന്റെ രൂപീകരണം

1979 ൽ മാർക്സിസ്റ്റുകൾ അധികാരത്തിൽ വരികയും സോവിയറ്റ് യൂണിയൻ അഫ്ഗാനിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തപ്പോൾ ഒട്ടനവധി ആളുകൾ രാജ്യം വിട്ട് പാകിസ്താനിലേക്ക് പോയി. അവിടെയെത്തിയ അഭയാർഥികൾക്കായി ധാരാളം പാഠശാലകൾ തുറന്നിരുന്നു. അഫ്ഗാനിൽനിന്നെത്തിയ പഷ്തൂണുകൾക്കൊപ്പം പാകിസ്താനിലെ പഷ്തൂണുകളും പാഠശാലകളിൽ സജീവമായി. 1992ൽ അഫ്ഗാൻ മുജാഹിദുകളുടെ നേതൃത്വത്തിൽ ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് അഫ്ഗാനിസ്താൻ നിലവിൽ വന്നതോടെ 1994ൽ പാകിസ്താനിലെ അഫ്ഗാൻ അഭയാർഥികൾ വിദ്യാർഥി പ്രസ്ഥാനം എന്നർഥം വരുന്ന 'താലിബാൻ' രൂപീകരിച്ചു. മുല്ല മുഹമ്മദ് ഉമർ ആയിരുന്നു സ്ഥാപകൻ. 1996ൽ താലിബാൻ അഫ്ഗാനിസ്താന്റെ ഭരണം പിടിച്ചെടുത്തു. ഇസ്‌ലാമിക് സ്റ്റേറ്റ് എന്നതിന് പകരം 'ഇസ്‌ലാമിക് എമിറേറ്റ്സ് ഓഫ് അഫ്ഗാനിസ്താൻ' എന്നാക്കി മാറ്റി.

## അമേരിക്കയും താലിബാനും ഉസാമ ബിൻലാദനും

അഫ്ഗാനിസ്താനെ സോവിയറ്റ് യൂണിയനിൽനിന്നും മോചിപ്പിക്കുക എന്നത് അമേരിക്കയുടെ രാഷ്ട്രീയ ആവശ്യമായിരുന്നതിനാൽ അഫ്ഗാൻ മുജാഹിദുകളെ അവർ പ്രോത്സാഹിപ്പിച്ചു. സൈനികമായും സാമ്പത്തികമായും അവർ സഹായിച്ചു. ഉസാമ ബിൻലാദന്റെ സേവനം അമേരിക്ക വേണ്ടുവോളം ഉപയോഗിച്ചു. ഉസാമയെ സ്വാതന്ത്ര്യസമര പോരാളി എന്നായിരുന്നു അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ വിശേഷിപ്പിച്ചിരുന്നത്. 1988 ൽ അൽക്വയ്ദ രൂപീകരിച്ചതിന് ശേഷവും 1989ൽ സോവിയറ്റ് അഫ്ഗാനിൽ നിന്ന് പിന്മാറുന്നതുവരെ അമേരിക്കയുടെ പിന്തുണയിലായിരുന്നു ഉസാമ. അഫ്ഗാനിൽനിന്നും സൗദിയിലെത്തിയ ഉസാമ സൗദി അറേബ്യക്കെതിരെ ജനങ്ങളെ ഇളക്കിവിട്ടുകൊണ്ടുള്ള പ്രത്യക്ഷ നിലപാട് സ്വീകരിച്ചതോടെ സൗദി പൗരത്വം നഷ്ടപ്പെട്ടു. തുടർന്ന് അദ്ദേഹം സുഡാനിലേക്ക് പോവുകയും പിന്നീട് 1996ൽ സുഡാൻ പ്രസിഡന്റ് തുറാബിയുമായുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ സുഡാൻ വിടേണ്ട സാഹചര്യവുമുണ്ടായി. അതേവർഷം തന്നെയായിരുന്നു ഉസാമയുടെ പഴയ കൂട്ടുകാർ അഫ്ഗാനിൽ താലിബാൻ രൂപീകരിച്ചത്. ഉസാമക്ക് അഭയം നൽകാൻ താലിബാൻ തീരുമാനിച്ചു. 1996 മുതൽ ഉസാമ താലിബാന്റെ സംരക്ഷണയിൽ അഫ്ഗാനിൽ കഴിച്ചുകൂട്ടി. അമേരിക്ക സ്വാതന്ത്ര്യ പോരാളി എന്നു വിശേഷിപ്പിച്ച ഉസാമ അതിനകം അമേരിക്കയുടെ ശത്രുവായി മാറിയിരുന്നു.

## അമേരിക്ക അഫ്ഗാനെതിരെ

2001 സെപ്റ്റംബർ 11നു അമേരിക്കയിലെ ലോക വ്യാപാര സമുച്ചയം (വേൾഡ് ട്രേഡ് സെന്റർ) വ്യോമാക്രമണത്തിലൂടെ തകർക്കപ്പെടുകയും പെന്റ

ഗൺ ആക്രമിക്കപ്പെടുകയും ചെയ്തു. സംഭവത്തിന്റെ പിന്നിൽ ഉസാമയും അൽഖ്വയ്ദയും ആണെന്ന് അമേരിക്ക ആരോപിച്ചു. ഉസാമയെ അമേരിക്കക്ക് കൈമാറാൻ അമേരിക്ക താലിബാനോട് ആവശ്യപ്പെട്ടു. താലിബാൻ അത് നിരസിച്ചു. അതോടെ അമേരിക്ക യുദ്ധത്തിലൂടെ താലിബാനെ പുറന്തള്ളി. താലിബാന്റെ പതനത്തിനു ശേഷം 2001 ഡിസംബറിൽ, ജർമനിയിലെ ബോണിൽ ചേർന്ന അഫ്ഗാനിലെ പ്രമുഖ നേതാക്കളുടെ സമ്മേളനത്തിൽ വെച്ച് ഹമീദ് കർസായിയെ പ്രസിഡന്റ് ആയി നിർദേശിച്ചു. താലിബാൻ നൽകിയ ഇസ്‌ലാമിക് എമിറേറ്റ്സ് എന്ന പേര് മാറ്റി പകരം 'ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്താൻ' എന്ന് പുനർനാമകരണം ചെയ്തു. 2004ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ താലിബാൻ തീവ്രവാദ ഗ്രൂപ്പുകളെ അതിജീവിച്ച് ഹമീദ് കർസായി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

### ഇരുപതുവർഷമായി തുടരുന്ന പോരാട്ടങ്ങൾ

ഭരണം നഷ്ടപ്പെട്ട ആദ്യനാളുകളിൽ താലിബാൻ നിശ്ശബ്ദമായെങ്കിലും പിന്നീട് ശക്തമായി തിരിച്ചടിക്കാനും ഭരണം തിരിച്ചുപിടിക്കാനുമുള്ള ശ്രമങ്ങൾ തുടർന്നു. 2001 മുതൽ ഇരുപതുവർഷമായി അഫ്ഗാനിൽ സേനയും താലിബാനും തമ്മിൽ രൂക്ഷമായ യുദ്ധമാണ്. താലിബാനും സർക്കാർ സേനയും ഇതര തീവ്രവാദ സംഘങ്ങളും നിരന്തരം പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ പരസ്പരം യുദ്ധം ചെയ്തും വെട്ടിപ്പിടിച്ചും കാലം കഴിച്ചുകൊണ്ടിരിക്കുന്നു. രാജ്യതലസ്ഥാനമായ കാബൂളും ഇതര ജില്ലാ ആസ്ഥാനങ്ങളും സർക്കാർ സേനയുടെ പിടിയിലാണെങ്കിലും അനവധി പ്രദേശങ്ങൾ താലിബാന്റെ നിയന്ത്രണത്തിലാണ്. 407 ജില്ലകളിൽ മുപ്പത് ശതമാനം സർക്കാർ സേനയുടെ നിയന്ത്രണത്തിലും ഇരുപത് ശതമാനം താലിബാന്റെ നിയന്ത്രണത്തിലുമാണ്. അമ്പത് ശതമാനം പ്രദേശങ്ങൾ ആരുടെയും നിയന്ത്രണത്തിലല്ലാതെ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. 2001ൽ ആരംഭിച്ച യുദ്ധത്തിൽ ഇതിനകം രണ്ടര ലക്ഷം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ എൺപതിനായിരത്തോളം പേർ സിവിലിയന്മാരാണ്.

### താലിബാന്റെ ജനസ്വാധീനം?

രാജ്യത്തെ 48 ശതമാനത്തോളം വരുന്ന പത്താൻ ജനവിഭാഗത്തിന്റെ പിന്തുണയാണ് പ്രധാനമായും താലിബാന് ജീവൻ നൽകിയത്. താലിബാന് അഫ്ഗാനിലുള്ള സ്വാധീനം അവരുടെ മതതീവ്രതയാണെന്ന് മാത്രം കരുതാൻ സാധിക്കില്ല. പത്താൻ ജനതയുടെ മതവംശീയ ദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള തന്ത്രമാണ് ജനങ്ങളെ സ്വാധീനിക്കാൻ താലിബാൻ ഉപയോഗിച്ചുകൊണ്ടിരുന്നത്. 2001ൽ അധികാരം നഷ്ടപ്പെട്ടിട്ടും അഫ്ഗാൻ സേനക്കും കാബൂളിനും സഖ്യസേനയുടെയും മറ്റും പിന്തുണ ലഭിച്ചിട്ടും താലിബാൻ പിടിച്ചുനിൽക്കുന്നത് പത്താൻ ജനതയുടെയും തൊണ്ണൂറു ശതമാനത്തോളം വരുന്ന സുന്നി മുസ്‌ലിംകളിലെ ഭൂരിപക്ഷത്തിന്റെയും പിന്തുണകൊണ്ടാണ്. അമേരിക്കയും ഇത് മനസ്സിലാക്കിയിട്ടുണ്ട്.

> **അഫ്ഗാനിസ്താനെ സോവിയറ്റ് യൂണിയനിൽനിന്നും മോചിപ്പിക്കുക എന്നത് അമേരിക്കയുടെ രാഷ്ട്രീയ ആവശ്യമായിരുന്നതിനാൽ അഫ്ഗാൻ മുജാഹിദുകളെ അവർ പ്രോത്സാഹിപ്പിച്ചു. സൈനികമായും സാമ്പത്തികമായും അവർ സഹായിച്ചു. ഉസാമ ബിൻലാദന്റെ സേവനം അമേരിക്ക വേണ്ടുവോളം ഉപയോഗിച്ചു. ഉസാമയെ സ്വാതന്ത്ര്യസമര പോരാളി എന്നായിരുന്നു അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ വിശേഷിപ്പിച്ചിരുന്നത്. 1988ൽ അൽഖ്വയ്ദ രൂപീകരിച്ചതിന് ശേഷവും 1989ൽ സോവിയറ്റ് അഫ്ഗാനിൽ നിന്ന് പിന്മാറുന്നതുവരെ അമേരിക്കയുടെ പിന്തുണയിലായിരുന്നു ഉസാമ. അഫ്ഗാനിൽനിന്നും സൗദിയിലെത്തിയ ഉസാമ സൗദി അറേബ്യക്കെതിരെ ജനങ്ങളെ ഇളക്കിവിട്ടുകൊണ്ടുള്ള പ്രത്യക്ഷ നിലപാട് സ്വീകരിച്ചതോടെ സൗദി പൗരത്വം നഷ്ടപ്പെട്ടു.**

### അമേരിക്ക പിന്മാറ്റത്തിലേക്ക്

ജോർജ്ജ് ഡബ്ള്യു ബുഷിന് ശേഷം ബറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായപ്പോഴാണ് അമേരിക്കൻ സൈന്യത്തിന്റെ പിന്മാറ്റത്തെ കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചത്. 2011 മെയ് 2ന് ഉസാമ ബിൻലാദനെ പാക്കിസ്താനിലെ അബോട്ടാബാദിൽ വെച്ച് സൈന്യം പിടികൂടുകയും വധിക്കുകയും ചെയ്തതോടെ തങ്ങളുടെ ലക്ഷ്യം പൂർത്തിയായി എന്നാണ് ഒബാമ പറഞ്ഞിരുന്നത്. അതിനനുസൃതമായി സേനാപിന്മാറ്റം ആസൂത്രണം ചെയ്യുകയും ചെ

യ്തു. എന്നാൽ താലിബാൻ തിരിച്ചു വരുന്നത് മേഖലയിലെ തങ്ങളുടെ താൽപര്യത്തിന് ഹാനികരമാകുമെന്ന ഭീതി അവർക്കുണ്ടായിരുന്നു. സേനാപിന്മാറ്റം ഘട്ടം ഘട്ടമായി മതിയെന്ന തീരുമാനത്തിലേക്ക് അത് നയിച്ചു.

### താലിബാനും ഐഎസും

എന്നാൽ 2015ൽ ഇസ്‌ലാമിക് സ്‌റ്റേറ്റ് ഓഫ് താലിബാൻ എന്ന പേരിൽ ഐഎസ് വിഭാഗങ്ങൾ അഫ്ഗാനിൽ പ്രവർത്തനം കേന്ദ്രീകരിച്ചതോടെ അമേരിക്കയുടെ പ്ലാനിൽ മാറ്റം വന്നു. അഫ്ഗാനിലെ തീവ്രവാദ സംഘങ്ങൾ മുഴുവൻ 'ഐഎസ് താലിബാൻ' എന്ന പേരിൽ കൈകോർത്തു. താലിബാൻ തുടക്കത്തിൽ ഇവരുമായി സഹകരിച്ചുപ്രവർത്തിച്ചിരുന്നു. എന്നാൽ ഐഎസ് താലിബാൻ നേതാവ് ഹഫീസ് സയ്യിദ് ഖാൻ കൊല്ലപ്പെട്ടതോടെ അവരുമായുള്ള ബന്ധത്തിൽ വിള്ളൽ വീണു. അത് പിന്നീട് അഫ്ഗാനിസ്താനിൽ നിരവധി താലിബാൻ-ഐഎസ് താലിബാൻ സംഘർഷങ്ങൾക്ക് കാരണമായി. താലിബാനെ നിർവീര്യമാക്കുന്നത് ഐഎസിന്റെ വളർച്ചക്കായിരിക്കും ഉതകുക എന്ന് മനസ്സിലാക്കിയ അമേരിക്ക താലിബാനുമായുള്ള ബന്ധം നന്നാക്കിയെടുക്കാൻ തീരുമാനിച്ചു. ചർച്ചകളുടെ വാതിൽ തുറന്നിട്ടു.

### ഒബാമ, ട്രംപ്, ബൈഡൻ

ഒബാമയുടെ ഭരണം അവസാനിച്ച് ട്രംപ് 2017 ൽ അധികാരത്തിൽ വന്നതോടെ സ്ഥിതിഗതികൾ മാറി. ഇറാഖിൽനിന്നുള്ള സേനാ പിന്മാറ്റം അവിടെ ഐഎസിന് വളരാനുള്ള സാഹചര്യം സൃഷ്ടിച്ചു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അഫ്ഗാനിൽ നിന്നുള്ള പിന്മാറ്റം അഫ്ഗാനിൽ ഐഎസിന്റെ വളർച്ചക്ക് കാരണമാകുമെന്നായിരുന്നു ട്രംപിന്റെ വീക്ഷണം. അതിന്റെ അടിസ്ഥാനത്തിൽ സൈനിക നീക്കങ്ങൾ ശക്തമാക്കാൻ ആലോചിച്ചെങ്കിലും അഫ്ഗാൻ ജനതയുടെ പിന്തുണ അതിനുണ്ടായില്ല. സൈനിക നീക്കം പ്രായോഗികമല്ലെന്ന് മനസ്സിലാക്കിയ അമേരിക്ക 2018 ജൂലായിൽ താലിബാനുമായി ദോഹയിൽ ഒരു രഹസ്യചർച്ചക്ക് വേദിയൊരുക്കി. രഹസ്യചർച്ചകൾ ഒരു ഉടമ്പടിയിലേക്ക് നയിച്ചു.

2020 ഫെബ്രുവരിയിൽ ദോഹയിൽ വെച്ച് അവർ കരാറുകൾ ഒപ്പുവെച്ചു. അമേരിക്കൻ നാറ്റോ സൈന്യം പൂർണമായും അഫ്ഗാൻ മണ്ണിൽനിന്നും പുറത്തുപോവണമെന്ന് താലിബാൻ ആവശ്യപ്പെട്ടു. അത് അംഗീകരിച്ച അമേരിക്ക 14 മാസത്തെ സമയത്തിനുള്ളിൽ ഘട്ടംഘട്ടമായി പിന്മാറ്റം നടപ്പാക്കാം എന്ന വ്യവസ്ഥ മുന്നോട്ടുവെച്ചു. അൽഖയ്ദയുമായും ഇതര ഭീകരസംഘങ്ങളുമായും യാതൊരുബന്ധവും ഉണ്ടാവാൻ പാടില്ലെന്നും അമേരിക്ക ആവശ്യപ്പെട്ടു. ഉടമ്പടിയുടെ ഭാഗമായി ഒട്ടേറെ സൈനികത്താവളങ്ങൾ അമേരിക്ക അടച്ചുപൂട്ടുകയും സൈനികരുടെ എണ്ണം ഇരുപതുശതമാനമാക്കി കുറക്കുകയും ചെയ്തു. ഉടമ്പടി പ്രകാരം പൂർണമായ സേനാപിന്മാറ്റം 2021 ഏപ്രിലോടെ പൂർത്തിയാകേണ്ടിയിരുന്നു. ഇത് നടക്കാത്തതിൽ താലിബാന് ശക്തമായ അമർഷമുണ്ട്. പുതിയ പ്രസിഡന്റ് ജോ ബൈഡൻ വരുന്ന സെപ്റ്റംബർ 11നു മുമ്പായി മുഴുവൻ സൈന്യത്തെയും പിൻവലിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്.

### ഇനിയെന്ത്?

ഈ ഉടമ്പടികളും ചർച്ചകളും നടക്കുമ്പോഴും അഫ്ഗാനിസ്താനിലെ സർക്കാർ സേനയും താലിബാനും തമ്മിലുള്ള സംഘർഷത്തിന് യാതൊരു അയവും വന്നിട്ടില്ല. ഡാനിഷ് സിദ്ദീഖി അടക്കമുള്ള മാധ്യമപ്രവർത്തകരും സിവിലിയന്മാരും കൊല്ലപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴും നിലനിൽക്കുന്നത്. സാഹചര്യമാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ അഫ്ഗാൻ പ്രസിഡണ്ട് അഷ്‌റഫ് ഗനിയുടെ കൊട്ടാരത്തിലേക്ക് താലിബാൻ റോക്കറ്റ് ആക്രമണം നടത്തിയ വാർത്തയാണ് വന്നുകൊണ്ടിരിക്കുന്നത്. പ്രസിഡണ്ടും മറ്റു നേതാക്കളും കൊട്ടാരത്തിന്റെ ഉദ്യാനത്തിൽ പെരുന്നാൾ നമസ്‌കാരം നിർവഹിക്കുമ്പോൾ ആയിരുന്നു ആക്രമണം എന്നത് അഫ്ഗാൻ മുസ്‌ലിംകൾ എ



ത്തിപ്പെട്ടിരിക്കുന്ന ദുരവസ്ഥ എത്രത്തോളമാണെന്ന് പറഞ്ഞു തരുന്നു. നാറ്റോ സഖ്യസേനയുടെ പിന്മാറ്റത്തിന് ശേഷമുള്ള അഫ്ഗാന്റെ ഭാവി എന്തായിരിക്കുമെന്ന ആശങ്ക ഇത് വിളിച്ചറിയിക്കുന്നുണ്ട്.

### അഫ്ഗാൻ നൽകുന്ന പാഠം

അഫ്ഗാനിസ്താന്റെ ഈ ചരിത്രത്തിൽനിന്നും ഒരു ബഹുഭൂരിപക്ഷ മുസ്‌ലിം സമൂഹത്തിന് വലിയ പാഠങ്ങളുണ്ട്. ജനങ്ങളുടെ ഐക്യമാണ് ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ വിജയത്തിന്റെ നിദാനമായിട്ടുള്ള സുപ്രധാന ഘടകം. ശക്തമായ ഇസ്‌ലാമിക ബോധത്തിലൂടെയും ജനാഭിപ്രായ മൂല്യങ്ങളിലൂടെയും മാത്രമെ ഏതൊരു മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രത്തിനും നിലനിൽക്കാൻ കഴിയുകയുള്ളൂ. നാലുകോടി ജനങ്ങൾ അധിവസിക്കുന്ന രാജ്യത്ത് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരുപറഞ്ഞുകൊണ്ട് നിരവധി സംഘങ്ങളാണ് പരസ്പരം പോരടിക്കുന്നത്. ഈ പോരാട്ടങ്ങൾ അവസാനിപ്പിക്കുന്നതിനും ഒരു സംഘത്തിന് മറ്റൊരു സംഘത്തിൽനിന്നുള്ള ഭീഷണി ഇല്ലാതാക്കുന്നതിനും പുറത്തുനിന്നുള്ള സൈനികശക്തികളെ ആശ്രയിക്കേണ്ടിവരുന്നത് ലജ്ജാകരമാണ്. ആഗോള മുസ്‌ലിം പ്രശ്നങ്ങളെക്കാൾ സ്വന്തം രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്കായിരിക്കണം ഭരണാധികാരികളും ജനനേതാക്കളും മുൻഗണന നൽകേണ്ടത്. സ്വന്തം രാജ്യത്ത് സമാധാനം കൊണ്ടുവരാൻ സാധിക്കാത്തവർക്ക് ആഗോള മുസ്‌ലിംകൾക്ക് സമാധാനം കൊണ്ടുവരാൻ സാധിക്കുമോ?

### സുരക്ഷിതത്വം ക്വുർആനികവീക്ഷണം

ആഭ്യന്തരസുരക്ഷിതത്വം ഐക്യത്തിലൂടെയും നീതിയിലൂടെയും മാത്രമെ കൊണ്ടുവരാൻ സാധിക്കൂ. നൂറ്റാണ്ടുകളായി പരസ്പരം പോരടിച്ചിരുന്ന അറബ്സമൂഹത്തെ ഐക്യത്തിന്റെ പാതയിലേക്ക് കൊണ്ടുവരുവാനാണ് മുഹമ്മദ് നബിﷺ ശ്രമിച്ചത്. ‘നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു’ (ക്വുർആൻ 3:103) എന്ന വചനം ഒരു സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ആഭ്യന്തര സുരക്ഷിതത്വത്തിന് നൽകപ്പെടേണ്ട പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നു.

### നാശം വിതക്കൽ വിശ്വാസികൾക്ക് ചേർന്നതല്ല

അഫ്ഗാനിസ്താനിലെ മുസ്‌ലിം സംഘങ്ങൾ ഒരുമിച്ചിരിക്കുകയും തീവ്രവാദവും ഭീകരചിന്തയും കൈവെടിയുകയും രാഷ്ട്രത്തിന്റെ പുരോഗതിക്കും സമൂഹത്തിന്റെ നന്മക്കുമായി കൈകോർത്തുപിടിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ് അനിവാര്യമായിട്ടുള്ളത്. യുദ്ധങ്ങൾ വരുത്തിവെച്ച നഷ്ടങ്ങളെ കുറിച്ചാലോചിച്ച് രാഷ്ട്രത്തെ പുനർനിർമിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് ദൈവഭയവും ജനപ്രതിബദ്ധതയുമുള്ള നേതാക്കൾ ചെയ്യേണ്ടത്. തീവ്രവാദികളെ തുരത്തുന്നതിനുവേണ്ടി പ്രയോഗിച്ച ഉഗ്രസ്ഫോടക ആയുധങ്ങൾ പർവതനിരകളെയും അവിടങ്ങളിലെ ജൈവവ്യവസ്ഥയെയും രാജ്യത്തിന്റെ പരിസ്ഥിതിയെയും നശിപ്പിച്ചിട്ടുണ്ട്. നദികളിലെയും ജലാശയങ്ങളിലെയും വെള്ളം പാനയോഗ്യമല്ലാതാക്കിയിട്ടുണ്ട്. സോവിയറ്റ് അതിക്രമം കൃഷിയിടങ്ങളെയായിരുന്നു നശിപ്പിച്ചിരുന്നത്. തുരങ്കങ്ങളും കനാലുകളും സൃഷ്ടിച്ച് ജലസേചനവും കൃഷിയും നടത്തി ലോകത്തിന് മാതൃകയായിരുന്ന രാജ്യത്ത് ജലസേചനമാർഗങ്ങൾ അടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ നഷ്ടപ്പെട്ടതോടെ നിവൃത്തികേടുകൊണ്ട് കഞ്ചാവ് കൃഷികളിലേക്ക് പോലും ജനങ്ങൾക്ക് തിരിയേണ്ടിവന്നതായി വാർത്തകൾ വന്നിട്ടുണ്ട്. കൃഷിക്കും ജലസേചനത്തിനുമുണ്ടാക്കിയ തുരങ്കങ്ങൾ ഇന്ന് ഒളിപ്പോരാളികളുടെ താവളങ്ങളായി മാറിയിരിക്കുന്നത് രാജ്യം എത്തിപ്പെട്ട ദുരവസ്ഥയെ തുറന്നുകാണിക്കുന്നു. സ്രഷ്ടാവ് മനുഷ്യർക്കായി നൽകിയ പ്രകൃതിവ്യവസ്ഥയുടെ നാശത്തിന് ഒരു വിശ്വാസി നേരിട്ടോ അല്ലാതെയോ കാരണക്കാരനാകാൻ പാടില്ല.

നിരപരാധികളും സാധാരണക്കാരും കുട്ടികളും സ്ത്രീകളും കൊല്ലപ്പെടുന്ന, മതം പഠിപ്പിക്കാത്ത, ദൈവകോപത്തിന് കാരണമാകുന്ന പരസ്പര വൈരങ്ങളിൽനിന്നും മുക്തമായി യുദ്ധരഹിതവും സമാധാനപൂർണവുമായ ഒരു രാജ്യം കെട്ടിപ്പടുക്കാൻ അഫ്ഗാൻ ജനതക്ക് സാധിക്കട്ടെ. ഡാനിഷ് സിദ്ദീഖിയുടെ അന്ത്യം താലിബാനും അഫ്ഗാൻ സേനക്കും അഫ്ഗാനിലെ ജനതക്കും അഫ്ഗാനിസ്താനിലെ പ്രശ്നങ്ങളിൽ ഇടപെടുന്ന ലോകരാജ്യങ്ങൾക്കും സൈനികവ്യൂഹങ്ങൾക്കും തോക്കിൻമുനകളിലൂടെ കാര്യങ്ങൾ തീരുമാനിക്കാൻ ഒരുമ്പെടുന്ന മുഴുവൻ തീവ്ര, ഭീകരസംഘങ്ങൾക്കും ഒരു സന്ദേശമാവട്ടെ.

പി. അബ്ദുല്ലത്വീഫ്, പുളിക്കൽ
nabeelpayyoly@gmail.com

ലേഖനം

# വിദ്യാർഥികൾ അറിയാൻ; രക്ഷിതാക്കളും




ജീവിതം ഒരു യാത്രയാണ്, അവസാനിക്കാത്ത യാത്രയല്ല; ഒരുനാൾ അവസാനിക്കുന്ന യാത്ര. കുട്ടിക്കാലം തുടങ്ങി, അറിവ് നേടിവരുന്ന വിദ്യാഭ്യാസഘട്ടം കഴിഞ്ഞ്, ഉപജീവനത്തിനായി ഒരു ജോലിയിലേർപ്പെട്ട്, വിശ്രമജീവിതത്തിനിടയിൽ യാത്രപറയുന്നവരാണ് കൂടുതൽ പേരുമെങ്കിൽ, ചിലർ അതിനു മുമ്പും യാത്ര അവസാനിപ്പിച്ച് തിരിച്ചുപോകുന്നു. ചിന്തിക്കാൻ എമ്പാടും വകനൽകുന്ന ഒരത്ഭുത പ്രതിഭാസമാകുന്നു മരണം. അതോടൊപ്പം കടന്നുപോയ കാലങ്ങൾ വിലയിരുത്താൻ പ്രേരകവും.

കുട്ടിക്കാലമാണല്ലോ തുടക്കം. ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലഘട്ടവും ഇതുതന്നെ. ഇത് അശ്രദ്ധമായോ അലക്ഷ്യമായോ നഷ്ടപ്പെടുത്തേണ്ട സന്ദർഭമല്ല. രക്ഷിതാക്കളും ഗുരുനാഥന്മാരും ഫലപ്രദമായി ഇടപെടേണ്ട കാലമാണിത്. ഉൾവിളികളും ചുറ്റുപാടുകളും സ്വഭാവരൂപീകരണത്തിൽ സ്വാധീനിക്കുന്ന കാലം. അതിനാൽ കുട്ടികളുടെ ചിട്ടയായ ജീവിതക്രമത്തിന് തുടക്കം കുറിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കുകയും മാതൃകയാവുകയും വേണം. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർക്ക് ഇത് എളുപ്പമാണ്.

ഏട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെത്തുമ്പോഴേക്കും ഭാവിയെ സംബന്ധിച്ച ഒരു ചിത്രവും രൂപപ്പെട്ടുവരേണ്ട സമയമായി. കഴിവ്, അഭിരുചി, താൽപര്യം തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് ലക്ഷ്യം കണ്ടെത്തേണ്ടത്. ആശയവിനിമയവും ചർച്ചകളും സാധ്യതകളും ശരിയായരീതിയിൽ വിശകലനം നടത്തി വേണം തീരുമാനത്തിലെത്താൻ. കൃത്യമായ ലക്ഷ്യം പഠനത്തിലും പരീക്ഷകളിലും മികവുപുലർത്താൻ സഹായിക്കുന്നു.

ലക്ഷ്യം തിരഞ്ഞെടുക്കുമ്പോൾ തീരുമാനം പൂർണമായും കുട്ടികൾക്ക് വിട്ടുകൊടുക്കാമോ? കഴിവും അഭിരുചിയും മാത്രമാണോ അവലംബമാക്കേണ്ടത്? ശരിയും തെറ്റുമായി എന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ തെറ്റേത്? അതിൽനിന്നും വിട്ടുനിൽക്കാൻ മുൻകരുതൽ എടുത്തിട്ടുണ്ടോ? തെറ്റെന്നു പറയാനുള്ള മാനദണ്ഡമെന്താണ്?

ഇവിടെയാണ് ജീവിതത്തിന്റെ നശ്വരത ചിന്തയിൽ കൊണ്ടുവരേണ്ടത്. അല്ലാഹു കനിഞ്ഞനുഗ്രഹിച്ച ഒരു ഹ്രസ്വകാല ജീവിതമാണ് നമുക്കുള്ളത്. അല്ലാഹു പ്രവാചകനിﷺലൂടെ കാണിച്ചുതന്ന മാതൃകാ മുസ്‌ലിം ജീവിതം പഠിച്ചറിയുകയും പാലിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. നന്മതിന്മകൾ സംബന്ധിച്ച തിരിച്ചറിവ് കുട്ടികൾക്ക് പകർന്നുനൽകേണ്ടതാണ്. തെറ്റിൽനിന്നും വിട്ടുനിൽക്കാൻ ഗൃഹാന്തരീക്ഷത്തിൽനിന്നുതന്നെ പരിശീലനം ലഭിക്കേണ്ടതുണ്ട്.

വായനാശീലം വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ടിവിയിലും ഇന്റർനെറ്റിലും വളരെയധികം സമയം ചെലവഴിക്കുന്നവർ വായനാശീലം കയ്യൊഴിക്കുകയാണ്. വായനയിലൂടെയേ അറിവ് വർധിക്കൂ. അറിവ്, ഏർപ്പെടുന്ന തൊഴിലിൽ പ്രാവീണ്യം നേടാൻ ഉപകരിക്കുന്നു. അർപ്പണബോധത്തോടെ ജോലിചെയ്യുന്നതിന് മനഃസംതൃപ്തി ആവശ്യമാണ്. രാഷ്ട്രത്തിന്റെ സമാധാനം വ്യക്തികളുടെ സംതൃപ്തിയിലാണ് നിലകൊള്ളുന്നത്.

സ്കൂൾ കാഘട്ടത്തിലാണ് അന്വേഷണാത്മകമായ അറിവ് സമ്പാദനം തുടങ്ങുന്നത്. രക്ഷിതാക്കൾ നേരിട്ട് ശ്രദ്ധിക്കുന്ന സമ്പ്രദായമാണ് അധികവും കാണാറുള്ളത്. ട്യൂഷ്യൻ നൽകി പ്രോത്സാഹിപ്പിക്കുന്നവരുണ്ട്. ഗവേഷണാത്മകമായി തയ്യാറാക്കുന്ന പഠനസഹായികൾ ഉപയോഗിക്കുന്നവരുണ്ട്. വായനാശീലത്തോടെയുള്ള അന്വേഷണതൃഷ്ണ വിജയപാതയിലേക്കുള്ള വഴികാട്ടിയാണ്

“ **വായനാശീലം വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ടിവിയിലും ഇന്റർനെറ്റിലും വളരെയധികം സമയം ചെലവഴിക്കുന്നവർ വായനാശീലം കയ്യൊഴിക്കുകയാണ്. വായനയിലൂടെയേ അറിവ് വർധിക്കൂ. അറിവ്, ഏർപ്പെടുന്ന തൊഴിലിൽ പ്രാവീണ്യം നേടാൻ ഉപകരിക്കുന്നു. അർപ്പണബോധത്തോടെ ജോലിചെയ്യുന്നതിന് മനഃസംതൃപ്തി ആവശ്യമാണ്. രാഷ്ട്രത്തിന്റെ സമാധാനം വ്യക്തികളുടെ സംതൃപ്തിയിലാണ് നിലകൊള്ളുന്നത്.** ”

ഹൈസ്കൂൾ തലത്തിൽ അച്ചടക്കവും ചിട്ടയായ പഠനക്രമവും ദിശാബോധവും അനിവാര്യമാണ്. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പരിശ്രമമാണ് വേണ്ടത്. സ്കൂളധികൃതർക്കും അവരുടെതായ പങ്ക് നിർവഹിക്കാനാകും.

പുതിയ പാഠ്യക്രമത്തിൽ നിരന്തരം മൂല്യനിർണയം നടക്കുന്നതുകൊണ്ടും അറിവിന്നും പ്രായോഗിക ജ്ഞാനത്തിനും ഊന്നൽ നൽകുന്നതുകൊണ്ടും വ്യക്തിപരമായി ശ്രദ്ധിക്കാൻ സാധിക്കുന്നതിലൂടെ നേതൃപാടവവും സ്വഭാവസംസ്കരണവും സാധിതമാകുന്നു.

വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അത്ഭുതകരവും ആശ്ചര്യകരവുമാണ്. ശാസ്ത്ര, സാങ്കേതിക മേഖലകളിലെ വൻകുതിപ്പും രാജ്യാന്തര മത്സരം മുഖേന തുറക്കപ്പെടുന്ന സാമ്പത്തിക മുന്നേറ്റവും അമ്പരപ്പിക്കുന്നതാണ്. ഈ അവസരങ്ങൾ എങ്ങനെയാണ് നാം ഉപയോഗപ്പെടുത്തേണ്ടത്? ഇ

വിടെയാണ് പഠിതാക്കൾ, അധ്യാപകർ, രക്ഷിതാക്കൾ സ്‌കൂളധികൃതർ തുടങ്ങിയവർ നിർവഹിക്കേണ്ട പങ്കിനെക്കുറിച്ച് ഓർമിപ്പിക്കേണ്ടിവരുന്നത്.

അധ്യാപകർ പരന്നവായനയിലൂടെ അറിവ് സ്വായത്തമാക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്താതെ കൈകാര്യം ചെയ്യുന്ന ക്ലാസ്സുകൾ പരിമിത ഫലപ്രാപ്തിയേ ഉളവാക്കൂ. കത്തുന്ന വിളക്കിനേ മറ്റു വിളക്കുകൾക്കും പ്രകാശം പകർന്നുനൽകാനാവൂ. ശരിയായ ആസൂത്രണത്തോടെയും തയ്യാറെടുപ്പോടെയുമായിരിക്കണം ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. സമൂഹത്തിന്റെ മാറ്റം അധ്യാപകരിലൂടെയാണ് ഉണ്ടായിട്ടുള്ളത്. പ്രതിഭാശാലികളായ അധ്യാപകർ സാമൂഹ്യ പരിഷ്‌കർത്താക്കളായി അംഗീകരിക്കപ്പെടുന്നതും അതുകൊണ്ടാണ്.

എസ്എസ്എൽസിക്കു ശേഷം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ടെക്‌നിക്കൽ ഹയർ സെക്കന്ററി, പോളിടെക്‌നിക്, ഐടിഐ... ഇങ്ങനെ നിരവധി പഠനാവസരങ്ങളുണ്ട്. സിബിഎസ്ഇ സിലബസുകാർക്ക് സീനിയർ സെക്കന്ററിയാണുള്ളത്. അറബി ഉൾപ്പെടെയുള്ള ഭാഷാ പഠനവും തിരഞ്ഞെടുക്കാവുന്നതാണ്.

**ഹയർ സെക്കന്ററി:** പ്രധാനമായും സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്‌സ് ഗ്രൂപ്പുകൾ ഏകജാലക സമ്പ്രദായം വഴി അഡ്മിഷൻ വളരെ എളുപ്പവും സൗകര്യപ്രദവുമാക്കിയിട്ടുണ്ട്. ഏത് ഗ്രൂപ്പിന് ചേരണമെന്ന് ശരിയായി വിലയിരുത്തി വേണം അപേക്ഷ സമർപ്പിക്കാൻ. സ്‌കൂളുകളുടെ സാമീപ്യം ഒരു ഘടകം തന്നെയാണ്. സയൻസ് വിഷയങ്ങളിലും കണക്കിലും പ്രാവീണ്യമുള്ളവർക്ക് സയൻസ് ഗ്രൂപ്പ് എടുക്കുന്നത് തന്നെയാണ് നല്ലത്. എന്നാൽ ഹ്യൂമാനിറ്റീസ്, കൊമേഴ്‌സ് ഗ്രൂപ്പുകളുടെ പ്രാധാന്യം കുറച്ചുകണ്ടു കൂടാ. കഠിനാധ്വാനം ചെയ്ത് പഠിക്കാൻ തയ്യാറുള്ളവർ ഉയരങ്ങളിലെത്താൻ ഹയർ സെക്കന്ററി പഠനം തന്നെയാണ് തിരഞ്ഞെടുക്കേണ്ടത്.

**വൊക്കേഷണൽ ഹയർ സെക്കന്ററി:** ഹയർ സെക്കന്ററി പോലെ തന്നെ നിരവധി കോമ്പിനേഷനുകൾ വൊക്കേഷണൽ ഹയർ സെക്കന്ററിയിലുമുണ്ട്. അവയെയും സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്‌സ് ഗ്രൂപ്പുകളായി കാണാവുന്നതാണ്. തൊഴിൽപരമായ പ്രാവീണ്യം നേടുന്നുവെന്ന വ്യത്യാസമുണ്ട്. അനിമൽ ഹസ്ബന്ററി, ഫിസിക്കൽ എഡ്യുക്കേഷൻ തുടങ്ങിയ കോഴ്‌സുകൾക്ക് ജോലി സാധ്യതയുമുണ്ട്. സ്‌കൂളുകളുടെ സാമീപ്യം ഇവിടെയും ഒരു ഘടകമാണ്.

**ടെക്‌നിക്കൽ ഹയർ സെക്കന്ററി:** ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ റിസോഴ്‌സസ് ഡവലപ്‌മെന്റ് (IHRD)ന് കീഴിൽ NCERT സിലബസ് പ്രകാരം നടത്തുന്ന സ്ഥാപനമാണിത്. ഫിസിക്കൽ സയൻസ്, ഇന്റഗ്രേറ്റഡ് സയൻസ് എന്നി രണ്ട് ഗ്രൂപ്പുകളാണുള്ളത്. അതാത് പ്രിൻസിപ്പൽമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**പോളിടെക്‌നിക്ക്:** എസ്എസ്എൽസിക്കു ശേഷം തിരഞ്ഞെടുക്കാവുന്ന ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്‌സുകളാണിത്. ഉന്നത നിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകി നിർമാണ/വ്യവസായ/ഗവേഷണ മേഖലകളിലേക്ക് മികച്ച വിദഗ്ധരെ പോളിടെക്‌നിക്കുകൾ രാജ്യത്തിന് സംഭാവന ചെയ്യുന്നു.

**യോഗ്യത:** എസ്എസ്എൽസി/തത്തുല്യ പരീക്ഷക്ക് കണക്ക്, ഫിസിക്‌സ്, കെമിസ്ട്രി എന്നീ മൂന്ന് വിഷയങ്ങൾക്ക് സി ഗ്രേഡും എല്ലാ വിഷയങ്ങൾക്കും ഡി+ ഗ്രേഡും നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. രണ്ട് ചാൻസിനകം 10ാം ക്ലാസ് ജയിച്ചിരിക്കണം. 'ബെറ്റർമെന്റ്,' 'സെ' പരീക്ഷകൾ മറ്റൊരു ചാൻസായി പരിഗണിക്കുകയില്ല. രണ്ടാം ചാൻസുകാരുടെ റാങ്കു കണക്കാക്കുന്നതിൽ മൊത്തം ഗ്രേഡ് മൂല്യത്തിൽ അഞ്ചു സ്‌കോർ കുറവ് ചെയ്യും. സിബിഎസ്ഇ/ഐസിഎസ്ഇ സിലബസുകാരുടെ മാർക്ക് നോക്കി ഗ്രേഡ് നിർണയിക്കും.

**അപേക്ഷ:** ജില്ലയിലെ ഏത് സ്ഥാപനത്തിൽ ചേരേണ്ടവരും അതാത് ജില്ലയിലെ നോഡൽ പോളിടെക്‌നിക്കിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഏത് ജില്ലയിലും അപേക്ഷിക്കാം. ഒരാൾക്ക് എത്ര ജില്ലയിലും വേണമെങ്കിൽ അപേക്ഷിക്കാം. ഒരു പോളിടെക്‌നിക്കിൽനിന്നും വാങ്ങുന്ന അപേക്ഷാ ഫോറം ഏത് ജില്ലയിലേക്കും അയക്കാം.

**ഉപരിപഠനം, തൊഴിൽ:** 50% മാർക്കോടെ പാസ്സാകുന്നവർക്ക് എഞ്ചിനീയറിംഗ് എൻട്രൻസ് എഴുതാനാകും. ഒന്നാം ക്ലാസ്സോടെ (പിന്നാക്ക വിഭാഗങ്ങൾക്ക് ഇളവുണ്ട്) എഞ്ചിനീയറിംഗ് ഡിപ്ലോമ നേടുന്നവർക്ക് രണ്ടാം വർഷ എഞ്ചിനീയറിങ് ഡിഗ്രി കോഴ്‌സിന് 'ലാറ്ററൽ എൻട്രി' പരീക്ഷയിലൂടെ നേരിട്ട് ഡിപ്ലോമയുടെ അനുബന്ധവിഷയങ്ങളിൽ പ്രവേശനം നേടാൻ സാധിക്കും. വർഷം നഷ്ടപ്പെടാ

തെയും എൻട്രൻസ് കോച്ചിംഗ് എന്ന പേരിൽ രണ്ട് വർഷത്തിലധികം നീണ്ടുനിൽക്കുന്ന അഭ്യാസങ്ങൾ പൂർണമായി ഒഴിവാക്കിയും നല്ല ജോലി സാധ്യതയുള്ള ഡിപ്ലോമ പൂർത്തിയാക്കി തുടർന്ന് എഞ്ചിനീയറിംഗ് ബിരുദം പൂർത്തിയാക്കാൻ സാധിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലും ലാറ്ററൽ എൻട്രി സംവിധാനം നിലവിലുണ്ട്. ഉയർന്ന മാർക്കോടെ ഡിപ്ലോമ നേടുന്നവർക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റും ഉണ്ട്.

പോളി ടെക്നിക്കുകളിലെ കോഴ്സുകൾ: സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കംപ്യൂട്ടർ എഞ്ചിനീയറിംഗ്, ടെക്സ്റ്റയിൽ ടെക്നോളജി, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്&കമ്യൂണിക്കേഷൻ, പോളിമർ ടെക്നോളജി, കെമിക്കൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ ടെക്നോളജി, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റ് ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി, കമേഴ്സിയൽ പ്രാക്ടീസ് തുടങ്ങിയവയാണ്.

**ഐടിഐ:** വ്യവസായ സ്ഥാപനങ്ങൾക്കും മറ്റും ആവശ്യമായ തൊഴിൽവിദഗ്ധരെ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഐടിഐകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

**യോഗ്യത:** എസ്എസ്എൽസി ജയിച്ചവർക്കും തോറ്റവർക്കും പ്ലസ്ടു/തത്തുല്യ യോഗ്യതയുള്ളവർക്കും തിരഞ്ഞെടുക്കാവുന്ന കോഴ്സുകളുണ്ട്. ഒന്നുമുതൽ മൂന്നുവർഷംവരെ ദൈർഘ്യമുള്ള കോഴ്സുകളുണ്ട്. മെട്രിക് ട്രേഡുകളിൽ എസ്എസ്എൽസി പാസ്സായവർക്കും നോൺ മെട്രിക് ട്രേഡുകളിൽ എസ് എസ്എൽസി തോറ്റവർക്കും അപേക്ഷിക്കാം. കംപ്യൂട്ടർ, ഡിടിപി, സെക്രട്ടറിയൽ പ്രാക്ടീസ്, സ്റ്റെനോഗ്രാഫി ട്രേഡുകളിൽ ചേരാൻ പ്ലസ്ടു പാസ്സാകണം.

**പ്രവേശനം:** മെട്രിക്, നോൺ മെട്രിക് ട്രേഡുകളിൽ പത്താം ക്ലാസ്സിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നിവക്കു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. പരിശീലനം ആഗ്രഹിക്കുന്ന ഐടി ഐയിലെ പ്രിൻസിപ്പാളിനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

എൻസിവിടി നടത്തുന്ന പരീക്ഷ പാസ്സാകുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിരവധി അവസരങ്ങൾ ഇവർക്കുണ്ട്. പരിശീലനം പൂർത്തിയാക്കി സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് പരിചയവും വൈദഗ്ധ്യവും നേടിയും വിജയിക്കാനാകും. വിദേശത്തും അവസരങ്ങൾ നിരവധി. ടിഡിഎം, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ, ഡീസൽ മെക്കാനിക്, ഇലക്ട്രിഷ്യൻ, സർവയർ,



മോൾഡർ കോഴ്സുകൾക്ക് എന്നും വൻ ഡിമാന്റുതന്നെ.

## പ്ലസ്ടുവിനു ശേഷം?

പ്ലസ്ടുവിന് സയൻസ് ഗ്രൂപ്പ് എടുക്കുന്നവർക്ക് എൻട്രൻസ് പരീക്ഷയിലൂടെയും മറ്റും എഞ്ചിനീയറിംഗ് /മെഡിസിൻ /അഗ്രികൾച്ചർ /ഫോറസ്ട്രി /ഫിഷറീസ് തുടങ്ങിയ പ്രഫഷണൽ കൊഴ്സുകളോ സയൻസ് വിഷയങ്ങളിൽ പഠനമോ തിരഞ്ഞെടുക്കാവുന്നതാണ്. എൻട്രൻസ് കോച്ചിംഗ് വൻ വ്യവസായമാണിന്ന്. സ്പീഡും കൃത്യതയുമാണ് എൻട്രൻസ് പരീക്ഷയിൽ കാര്യമായി പരീക്ഷിക്കപ്പെടുന്നത്. കോഴ്സ്-കോളേജ് കോമ്പിനേഷനാണ് പ്രധാനം. എഞ്ചിനീയറിംഗിനും മെഡിസിനും മികച്ച സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. തമിഴ്നാട്ടിലും കർണാടകയിലും ധാരാളം മലയാളികൾ പഠിക്കുന്നു. മംഗലാപുരം, ബംഗളൂരു, കോയമ്പത്തൂർ, ഈറോഡ്, സേലം, ചെന്നൈ, നാഗർകോവിൽ, ഹൈദരാബാദ്, ദൽഹി എന്നിവിടങ്ങളിൽ നിരവധി മലയാളികൾ പഠിക്കുന്നുണ്ട്. ഫീസ് കൊടുത്താണെങ്കിൽപോലും രക്ഷിതാക്കൾ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ കുട്ടികളെ ചേർക്കാൻ താൽപര്യം കാണിക്കുന്നത് പഠന വിധേയമാക്കേ

ണ്ടതാണ്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ പാലിക്കേണ്ട ആരോഗ്യകരമായ അകലം നിലനിർത്തുന്നതും യഥാസമയങ്ങളിൽ പരീക്ഷ നടത്തുന്നതും കണക്കിലെടുക്കേണ്ട ഘടകങ്ങളാണ്.

ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ: ഇക്കണോമിക്സ്/ഹിസ്റ്ററി/സോഷ്യോളജി / പൊളിറ്റിക്കൽ സയൻസ്/ കൊമേഴ്സ് /സ്റ്റാറ്റിറ്റിക്സ് തുടങ്ങി നിരവധി കോമ്പിനേഷനുകളാണുള്ളത്. തുടർന്നു ബിഎ, ബിബിഎ, ബികോം കോഴ്സുകൾക്ക് ചേർന്ന് പഠിക്കാനും സാധിക്കുന്നു. ഉന്നത പഠനം ആഗ്രഹിക്കുന്നവർക്ക് എംഎ, എംകോം, എംഎസ്ഡബ്ല്യു തുടങ്ങിയ കോഴ്സുകളിൽ ചേരാം. 55% മാർക്കുകിട്ടി, നെറ്റ് പാസ്സായാൽ കോളേജ് /യൂണിവേഴ്സിറ്റികളിൽ അധ്യാപകരാകാനുള്ള അടിസ്ഥാന യോഗ്യതയായി. വിശാല രാജ്യമാണ് നമ്മുടേത്. അവസരങ്ങളും നിരവധി.

**ടിടിസി:** പ്ലസ്ടുവിന് 50% മാർക്കുള്ളവർക്ക് പ്രൈമറി അധ്യാപകരാകാൻ ടിടിസിക്ക് ചേരാവുന്നതാണ്. സ്വാശ്രയ ട്രെയ്നിംഗ് സ്കൂളുകളിൽ 45% മാർക്ക് മതി. അതാത് ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ബിഎഡ്, എംഎഡ്:** ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകരാകാൻ ബിഎഡ് വേണം. ഡിഗ്രിക്ക് 45 ശതമാനം മാർക്കുള്ളവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ. തുടർന്ന് എംഎഡിനും പഠിക്കാവുന്നതാണ്.

**എംസിഎ:** പ്ലസ്ടുവിന് കണക്ക് ഒരു വിഷയമായി പഠിച്ച് ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാകമ്മീഷണർ നടത്തുന്ന എൻട്രൻസ് പരീക്ഷയിലൂടെയാണ് തിരഞ്ഞെടുപ്പ്. സാങ്കേതിക മേഖലകളിൽ ഒട്ടേറെ അവസരങ്ങൾ എംസിഎ ബിരുദധാരികളെ കാത്തിരിക്കുന്നു.

**മാനേജ്മെന്റ് പഠനം:** ഉന്നത മാനേജ്മെന്റ് സ്ഥാപനങ്ങളായ ഐഐഎംകളിൽ കോമൺ അഡ്മിഷൻ ടെസ്റ്റ് വഴി വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നു. പരീക്ഷ കടുകട്ടിയാണ്. പുറമെ ഓൺലൈനിലും. ലോകോത്തര നിലവാരമുള്ള മാനേജ്മെന്റ് പ്രതിഭകളെ കോഴിക്കോട് ഉൾപ്പെടെയുള്ള ഐഐഎം(കെ) കേന്ദ്രങ്ങളിൽനിന്നും വാർത്തെടുക്കുന്നു. ബിരുദധാരികൾക്ക് അപേക്ഷിക്കാം. എംബിഎയും നല്ല ഡിമാൻഡുള്ള കോഴ്സാണ്. പ്രസ്തുത കോഴ്സുകൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ കേരളത്തിനകത്തും പുറത്തുമായി ഉണ്ട്. യോഗ്യത ബിരുദം തന്നെ.

**കമ്പനി സെക്രട്ടറി:** ഫൗണ്ടേഷൻ പ്രോഗ്രാം, പ്രഫഷണൽ പ്രോഗ്രാം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളാണുള്ളത്. പ്ലസ്ടു കഴിഞ്ഞവർക്ക് ഫൗണ്ടേഷൻ പ്രോഗ്രാമിന് ചേരാം. ബിരുദധാരികൾക്ക് നേരിട്ട് എക്സിക്യൂട്ടീവ് പ്രോഗ്രാമിന് ചേരാനാകും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറിസ് ഓഫ് ഇന്ത്യ ആണ് കോഴ്സ് നടത്തുന്നത്.

**ഭാഷാപഠനം:** അറബിഭാഷ പഠനം വൻ സാധ്യതയുള്ളതാണ്. മലയാളം/ ഹിന്ദി പഠനം, നിയമ പഠനം ജേർണലിസം, നഴ്സിംഗ്, ലൈബ്രറി സയൻസ്, പാരാമെഡിക്കൽ തുടങ്ങി നിരവധി പഠന മേഖലകൾ വേറെയുമുണ്ട്. വിദേശത്തും ധാരാളം പേർ ഉന്നത പഠനത്തിനായി പോകുന്നുണ്ട്. ഭാഷാപത്രങ്ങൾ ഓരോ വർഷവും ഉപരിപഠന ഡയറക്ടറികൾ പുറത്തിറക്കാറുണ്ട്. ഓരോ പ്രതി വാങ്ങി സൂക്ഷിച്ച് ആവശ്യക്കാർക്ക് പരിശോധനക്ക് നൽകുന്നത് വളരെ ഫലപ്രദമാണ്. ഉപരിപഠനം സംബന്ധിച്ച പൂർണ വിവരങ്ങൾ അവയിൽ ലഭ്യമാണ്.

**സർക്കാർ സർവീസ്:** മത്സര പരീക്ഷയും അതിൽ ജയിക്കുന്നവരെ ഇന്റർവ്യൂവും നടത്തിയാണ് സർക്കാർ സർവീസിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്. യോഗ്യതക്ക് പുറമെ പൊതു വിജ്ഞാനം, ഇംഗ്ലീഷ് ഭാഷയിലെ മികവ്, ജനറൽ ഇന്റലിജെന്റ്സ്, ന്യൂമറിക്കൽ എബിലിറ്റി എന്നിവയിലെ മികവാണ് മാനദണ്ഡം. കേന്ദ്ര,സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ നിരവധി അവസരങ്ങൾ ഉണ്ടാകാറുണ്ട്.

മിഥ്യാധാരണകളും അപകർഷതാബോധവും ഒഴിവാക്കി കഠിനാധ്വാനം ചെയ്യാൻ തയ്യാറാകുന്നവർക്ക് മുന്നിൽ അവസരങ്ങൾ ഏറെയാണ്.

നം ഉണരണം. അറിവും കഴിവും വർധിപ്പിക്കണം. സത്യസന്ധത, ഉത്തരവാദിത്തബോധം, അർപ്പണബോധം എന്നിവ മുഖമുദ്രയായി സ്വീകരിക്കണം. സ്രഷ്ടാവിനെ ധാരാളം ഓർക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്യണം. തുടർന്ന് എല്ലാം എളുപ്പമായി ഭവിക്കുന്നത് കാണാം. അല്ലാഹുവിനെ കുറിച്ചുള്ള അറിവാണ് യഥാർഥ അറിവ്. ആ അറിവാകട്ടെ സമാധാനദായകവും.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



**അധ്യായം: 54, ഭാഗം 1**

# അൽക്വമർ (ചന്ദ്രൻ)

**(മക്കയിൽ അവതരിച്ചത്)**

1. ആ (അന്ത്യ)സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു.
2. ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞു കളയുകയും ഇത് നിലനിന്നുവരുന്ന ജാലവിദ്യയാകുന്നു എന്ന് അവർ പറയുകയും ചെയ്യും.
3. അവർ നിഷേധിച്ചുതള്ളുകയും തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ഏതൊരു കാര്യവും ഒരു നിശ്ചിതസ്ഥാനം പ്രാപിക്കുന്നതാകുന്നു.
4. (ദൈവനിഷേധത്തിൽനിന്ന്) അവർ ഒഴിഞ്ഞുനിൽക്കാൻ പര്യാപ്തമായ കാര്യങ്ങളടങ്ങിയ ചില വൃത്താന്തങ്ങൾ തീർച്ചയായും അവർക്ക് വന്നുകിട്ടിയിട്ടുണ്ട്.
5. അതെ, പരിപൂർണമായ വിജ്ഞാനം. എന്നിട്ടും താക്കീതുകൾ പര്യാപ്തമാകുന്നില്ല.
6. ആകയാൽ (നബിയേ,) നീ അവരിൽ നിന്ന് പിന്തിരിഞ്ഞ് കളയുക. അനിഷ്ടകരമായ ഒരു കാര്യത്തിലേക്ക് വിളിക്കുന്നവൻ വിളിക്കുന്ന ദിവസം.
7. ദൃഷ്ടികൾ താഴ്ന്നുപോയവരായ നിലയിൽ ക്വബ്റുകളിൽനിന്ന് (നാലുപാടും) പരന്ന വെട്ടുകിളികളെന്നോണം അവർ പുറപ്പെട്ടുവരും.
8. വിളിക്കുന്നവന്റെ അടുത്തേക്ക് അവർ ധൃതിപ്പെട്ട് ചെല്ലുന്നവരായിരിക്കും. സത്യനിഷേധികൾ (അന്ന്) പറയും: ഇതൊരു പ്രയാസകരമായ ദിവസമാകുന്നു.
9. അവർക്ക് മുമ്പ് നൂഹിന്റെ ജനതയും നിഷേധിച്ചുകളഞ്ഞിട്ടുണ്ട്. അങ്ങനെ നമ്മുടെ ദാസനെ അവർ നിഷേധിച്ച് തള്ളുകയും ഭ്രാന്തൻ എന്നു പറയുകയും ചെയ്തു. അദ്ദേഹം വിരട്ടി ഓടിക്കപ്പെടുകയും ചെയ്തു.
10. അപ്പോൾ അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ചു: ഞാൻ പരാജിതനാകുന്നു. അതിനാൽ (എന്റെ) രക്ഷയ്ക്കായി നീ നടപടി സ്വീകരിക്കണമേ.

ٱقْتَرَبَتِ ٱلسَّاعَةُ وَٱنشَقَّ ٱلْقَمَرُ ﴿١﴾
وَإِن يَرَوْا۟ ءَايَةً يُعْرِضُوا۟ وَيَقُولُوا۟
سِحْرٌ مُّسْتَمِرٌّ ﴿٢﴾
وَكَذَّبُوا۟ وَٱتَّبَعُوٓا۟ أَهْوَآءَهُمْ ۚ وَكُلُّ
أَمْرٍ مُّسْتَقِرٌّ ﴿٣﴾ وَلَقَدْ جَآءَهُم مِّنَ
ٱلْأَنۢبَآءِ مَا فِيهِ مُزْدَجَرٌ ﴿٤﴾
حِكْمَةٌۢ بَٰلِغَةٌ ۖ فَمَا تُغْنِ ٱلنُّذُرُ ﴿٥﴾
فَتَوَلَّ عَنْهُمْ ۘ يَوْمَ يَدْعُ ٱلدَّاعِ
إِلَىٰ شَىْءٍ نُّكُرٍ ﴿٦﴾
خُشَّعًا أَبْصَٰرُهُمْ يَخْرُجُونَ مِنَ ٱلْأَجْدَاثِ كَأَنَّهُمْ
جَرَادٌ مُّنتَشِرٌ ﴿٧﴾
مُّهْطِعِينَ إِلَى ٱلدَّاعِ ۖ يَقُولُ ٱلْكَٰفِرُونَ
هَٰذَا يَوْمٌ عَسِرٌ ﴿٨﴾ ۞
كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ فَكَذَّبُوا۟ عَبْدَنَا وَقَالُوا۟
مَجْنُونٌ وَٱزْدُجِرَ ﴿٩﴾
فَدَعَا رَبَّهُۥٓ أَنِّى مَغْلُوبٌ فَٱنتَصِرْ ﴿١٠﴾

1. (ആ (അന്ത്യ) സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു). 'സാഅത്ത്' എന്നത് അന്ത്യനാൾ ആണെന്നും അതിന്റെ സമയമായി എന്നും അല്ലാഹു അറിയിക്കുന്നു. അത് വരുന്ന സമയമടുത്തു. എന്നിട്ടും സത്യനിഷേധികൾ അതിന്റെ വരവിനുവേണ്ടി തയ്യാറാകാതെ അവരുടെ നിഷേധം തുടർന്നുകൊണ്ടേയിരിക്കുന്നു. മനുഷ്യർക്ക് വിശ്വസിക്കാനും അതിന്റെ സംഭവികതയെ അറിയിക്കാനും സഹായിക്കുന്ന മഹത്തായ തെളിവുകൾ അല്ലാഹു അവർക്ക് കാണിച്ചുകൊടുത്തു. മുഹമ്മദ് ഇബ്നു അബ്ദുല്ല ﷺ കൊണ്ടുവന്നതിന്റെ സത്യത തെളിയിക്കുന്ന മഹത്തായ തെളിവുകൾ സത്യനിഷേധികൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം കൊണ്ടുവന്നതിനെ തെളിയിക്കുന്ന അസാധാരണ സംഭവങ്ങൾ കാണിച്ചുകൊടുക്കണമെന്ന്! അല്ലാഹുവിന്റെ അനുമതിപ്രകാരം അദ്ദേഹം ചന്ദ്രനിലേക്ക് ചൂണ്ടി. അന്നേരം അത് രണ്ടു ഭാഗങ്ങളായി പിളർന്നു. ഒരു ഭാഗം അബൂകുബൈസ് പർവതത്തിന് മുകളിലും മറ്റേത് അബൂകബീസ് പർവതത്തിന് മുകളിലും! ഒരു സൃഷ്ടിക്കും വിചാരിക്കാനോ സങ്കൽപിക്കാനോ പോലും കഴിയാത്ത ഒരു വലിയ ദൃഷ്ടാന്തം ആകാശത്തുള്ളതായി മുശ്‌രിക്കുകളും മറ്റും നേർക്കുനേരെ കണ്ടു. അവർ ഇതുവരെ കണ്ടിട്ടില്ലാത്ത കാഴ്ച. മാത്രവുമല്ല, സമാനമായൊരു കാഴ്ച പൂർവ പ്രവാചകന്മാരുടെ ചരിത്രത്തിൽ നടന്നതായി അവർ കേട്ടിട്ടുപോലുമില്ല.

അതിനെ അവർ കളവാക്കി. അവരുടെ ഹൃദയത്തിൽ വിശ്വാസം പ്രവേശിച്ചില്ല. അല്ലാഹു അവർക്ക് നന്മ വിചാരിച്ചില്ല. അവർ അതിക്രമത്തിലേക്കും അഹങ്കാരത്തിലേക്കും അഭയംതേടി. അവർ പറഞ്ഞു: 'മുഹമ്മദ് ഞങ്ങളിൽ ജാലവിദ്യ നടത്തിയിരിക്കുന്നു.' എന്നാൽ അതിന്റെ അടയാളം നിങ്ങൾക്ക് നിങ്ങളുടെ അടുത്തേക്ക് വരുന്നവരോട് ചോദിച്ചുനോക്കാവുന്നതാണ്. നിങ്ങളോട് ജാലവിദ്യ കാണിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞാലും നിങ്ങളല്ലാതെ നിങ്ങളോടൊപ്പം സാക്ഷ്യയല്ലാതിരുന്ന ഒരാളെ കബളിപ്പിക്കാനാവില്ല. അങ്ങനെ അവർ വന്നവരോടൊക്കെ ചോദിച്ചു. അത് സംഭവിച്ചതായി അവർ അവരെ അറിയിച്ചു. അപ്പോൾ അവർ പറഞ്ഞു: (ഇത് നിലനിന്നുവരുന്ന ഒരു ജാലവിദ്യയാണ്) ഞങ്ങളെയും മറ്റുള്ളവരെയും മുഹമ്മദ് കബളിപ്പിച്ചു. പടപ്പുകളിൽ ഏറ്റവും പിഴച്ചവരും വിഡ്ഢികളുമല്ലാതെ ഈ ആരോപണം ഉന്നയിക്കുകയില്ല.

(2) ഈ ഒരു ദൃഷ്ടാന്തത്തെ മാത്രമല്ല അവർ നിഷേധിച്ചത്. മറിച്ച് അവർക്കു വന്ന സർവ ദൃഷ്ടാന്തങ്ങളെയും അവർ നിഷേധിച്ചു. അതിനെ എതിർക്കാനും നിഷേധിക്കാനും മറുപടി പറയാനും അവർ ഒരുങ്ങിനിൽക്കുന്നവരായിരുന്നു.

അതാണ് അല്ലാഹു പറഞ്ഞത്: (ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞുകളയുകയും). ഇവിടെ 'അവർ അത് കാണുകയും' എന്നു പറഞ്ഞത് ചന്ദ്രൻ പിളർന്നതിലേക്ക് സൂചിപ്പിച്ചില്ല. മറിച്ച് 'ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞുകളയുകയും' എന്നാണു പറഞ്ഞത്. അതായത് സത്യവും സന്മാർഗവും പിൻപറ്റൽ അവരുടെ ലക്ഷ്യമേ അല്ല. അവരുദ്ദേശിക്കുന്നത് അവരുടെ താൽപര്യങ്ങളെ പിൻപറ്റാൻ മാത്രമാണ്.

3. അതാണ് തുടർന്ന് പറഞ്ഞത്: (അവർ നിഷേധിച്ചുതള്ളുകയും തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്തു). മറ്റൊരിടത്ത് അല്ലാഹു പറഞ്ഞു: "ഇനി നിനക്കവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക"(28:50).

സന്മാർഗത്തെ പിൻപറ്റാൻ അവർക്ക് ഉദ്ദേശമുണ്ടെങ്കിൽ അവർ ഖണ്ഡിതമായി വിശ്വസിക്കുമായിരുന്നു. മുഹമ്മദ് നബി ﷺ യെ പിൻപറ്റുകയും ചെയ്യുമായിരുന്നു. കാരണം അദ്ദേഹത്തിലൂടെ അവർക്ക് അല്ലാഹു മുഴുവൻ ദൈവിക താൽപര്യങ്ങളെയും മതനിയമങ്ങളുടെ ലക്ഷ്യങ്ങളും ബോധ്യപ്പെടുത്തുന്ന വ്യക്തമായ തെളിവുകളും പ്രമാണങ്ങളും കാണിച്ചുകൊടുത്തിട്ടുണ്ട്.

(ഏതൊരു കാര്യവും നിശ്ചിതസ്ഥാനം പ്രാപിക്കുന്നതാകുന്നു) ഇതുവരെയും കാര്യം അതിന്റെ അന്തിമലക്ഷ്യത്തിൽ എത്തിയിട്ടില്ല. വഴിയെ കാര്യം അതിന്റെ അന്തിമങ്ങളിലെത്തും. മതത്തെ സത്യപ്പെടുത്തുന്നവൻ സുഖാനുഗ്രഹങ്ങളുടെ സ്വർഗത്തിലും അല്ലാഹുവിന്റെ പാപമോചനത്തിലും തൃപ്തിയിലും വിഹരിക്കും. നിഷേധിക്കുന്നവൻ നിത്യവും നിദാന്തവുമായ അവന്റെ കോപത്തിലും ശിക്ഷയിലും ആയിരിക്കും വിഹരിക്കുക.

4. ശരിയായ ഉദ്ദേശ്യമോ സത്യത്തെ പിൻപറ്റണമെന്നോ താൽപര്യമില്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നു: (ചില വൃത്താന്തങ്ങൾ അവർക്ക് വന്നുകിട്ടിയിട്ടുണ്ട്). മുൻകാലത്തും പിൽകാലത്തുമുള്ള ചില വർത്തമാനങ്ങളും വ്യക്തമായ അമാനുഷിക ദൃഷ്ടാന്തങ്ങളും. (അവർ ഒഴിഞ്ഞുനിൽക്കാൻ പര്യാപ്തമായ ചില കാര്യങ്ങളടങ്ങിയ) അതായത് വഴികേടിൽനിന്നും ദുർമാർഗത്തിൽനിന്നും അവരെ മാറ്റിനിർത്തുന്നത്.

5. അത്(പരിപൂർണ വിജ്ഞാനം) അല്ലാഹുവിൽ നിന്നുള്ള.(പരിപൂർണമായി) ലോകർക്കെതിരെ തെളിവാകാവുന്ന പ്രവാചകൻമാർ വന്നുകഴിഞ്ഞാൽ അല്ലാഹുവിനെതിരെ തെളിവ് അവശേഷിക്കുമോ? (എന്നിട്ടും തെളിവുകൾ പര്യാപ്തമാകുന്നില്ല). മറ്റൊരിടത്ത് അല്ലാഹു പറഞ്ഞു: "ഏതൊരു തെളിവ് അവർക്ക് വന്നുകിട്ടിയാലും. വേദനയേറിയ ശിക്ഷ നേരിൽ കാണുന്നതുവരെ" (10:97)...

6. അല്ലാഹു തന്റെ ദൂതനോട് പറയുന്നു: ഈ സത്യനിഷേധികൾ സന്മാർഗത്തിലാവാൻ യാതൊരു വഴിയുമില്ല. അവരെ അവഗണിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. ആകയാൽ നബിയേ, നീ അവരിൽനിന്ന് പിന്തിരിഞ്ഞുകളയുക. അതിഭയാനകമായ വമ്പിച്ച ഒരു ദിവസം നീ അവർക്കുവേണ്ടി പ്രതീക്ഷിക്കുക. അന്നേരം (വിളിക്കുന്നവൻ വിളിക്കുന്നു). അത് ഇസ്റാഫീൽعليه السلام എന്ന മലക്കാണ്. (അനിഷ്ടകരമായ ഒരു കാര്യത്തിലേക്ക്) സൃഷ്ടികൾക്കാർക്കും പരിചയമല്ലാത്ത അതിദാരുണമായ സംഭവം. അതിനെക്കാളും വേദനാജനകവും ദാരുണവുമായ ഒരു കാഴ്ച ഇതുവരെ കാണപ്പെട്ടിട്ടില്ല. അങ്ങനെ ഇസ്റാഫീൽ ഒരു ഊത്ത് ഊതും. അതുമൂലം ക്വിയാമത്തിലെ നിർത്തത്തിനുവേണ്ടി ക്വബ്റുകളിൽനിന്ന് മരിച്ചവർ എഴുന്നേറ്റു വരും.

7. (ദൃഷ്ടികൾ താഴ്ന്നുപോയവരായ നിലയിൽ) അവരുടെ ഹൃദയത്തിനുണ്ടായ ഭയവും ഭീകരതയും നിമിത്തം അത് താഴ്മകാണിക്കുകയും കീഴ്പ്പെടുകയും ചെയ്യും. അവരുടെ ദൃഷ്ടികൾ താഴ്ന്നുപോവും.(ക്വബ്റുകളിൽനിന്ന് അവർ പുറപ്പെട്ടുവരും) മറവുചെയ്യപ്പെട്ട സ്ഥലങ്ങളിൽനിന്ന്.(അവരായതു പോലെയുണ്ട്) ഭയത്തിന്റെ ആധിക്യംമൂലം. (പരന്ന വെട്ടുകളികളെന്നോണം) ഭൂമിയിൽ ധാരാളമായി ചിന്നിച്ചിതറപ്പെട്ടത്.

(വിളിക്കുന്നവന്റെ അടുത്തേക്ക് അവർ ധൃതിപ്പെട്ട് ചെല്ലുന്നവരായിരിക്കും) വിളിക്കുന്നവന്റെ വിളിക്ക് ഉത്തരം നൽകാൻ ധൃതികാണിച്ചുകൊണ്ട്. ക്വിയാമത്തിലെ നിർത്തത്തിന് ഹാജരാവാൻ ഒരു വിളിക്കുന്നവൻ വിളിക്കുകയും കൽപിക്കുകയും ചെയ്യുമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അപ്പോൾ അവർ ആ വിളി കേൾക്കുകയും ഉത്തരം നൽകാൻ ധൃതിപ്പെടുകയും ചെയ്യും. (സത്യനിഷേധികൾ പറയും) അവർക്കുള്ള ശിക്ഷയിൽ അവരെത്തിയാൽ. അല്ലാഹു പറഞ്ഞത് പോലെ: (ഇതൊരു പ്രയാസകരമായ ദിവസമാകുന്നു). വിശ്വാസികൾക്ക് ആ ദിവസം ആശ്വാസകരവും എളുപ്പമുള്ളതുമായിരിക്കും എന്നും മനസ്സിലാക്കാം.

9. പ്രവാചകനെ കളവാക്കുന്നവരെപ്പറ്റി പരാമർശിച്ചപ്പോൾ അല്ലാഹു പറഞ്ഞത് ദൃഷ്ടാന്തങ്ങൾ അവർക്ക് യാതൊരു ഗുണവും പ്രയോജനവും ചെയ്തില്ലെന്നാണ്. പ്രവാചകന്മാരെ കളവാക്കിയ മുൻ സമുദായങ്ങളുടെ ശിക്ഷയെക്കുറിച്ച് അല്ലാഹു അവരെ ഭയപ്പെടുത്തുകയും താക്കീത് ചെയ്യുകയും ചെയ്യുന്നു; അവരെ എങ്ങനെയാണു നശിപ്പിച്ചതെന്നും അവർക്കെങ്ങനെയാണ് ശിക്ഷയിറങ്ങിയതെന്നും. നൂഹിعليه السلامന്റെ ജനതയെക്കുറിച്ച് പറഞ്ഞു. ബിംബങ്ങളെ ആരാധിക്കുന്ന ജനതയിലേക്ക് ആദ്യം നിയോഗിക്കപ്പെട്ട പ്രവാചകൻ. അവരെ അദ്ദേഹം അല്ലാഹുവിന്റെ ഏകത്വത്തിലേക്കും ഏകനും യാതൊരു പങ്കുകാരുമില്ലാത്ത അവനെ മാത്രം ആരാധിക്കുന്നതിലേക്കും ക്ഷണിച്ചു. എന്നാൽ ബഹുദൈവ വിശ്വാസം ഉപേക്ഷിക്കാൻ അവർ വിസമ്മതിച്ചു. അവർ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊക്വ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്” (71:23).

നൂഹ്عليه السلام അവരെ രാത്രിയിലും പകലിലും രഹസ്യമായും പരസ്യമായും അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അത് അവരിൽ ധിക്കാരവും അനുസരണക്കേടും അവരുടെ പ്രവാചകനിൽ ആരോപണം ഉന്നയിക്കലുമല്ലാതെ വർധിപ്പിച്ചില്ല. അതാണിവിടെ പറഞ്ഞത്: (നമ്മുടെ ദാസനെ അവർ നിഷേധിച്ചുതള്ളുകയും ഭ്രാന്തൻ എന്ന് പറയുകയും ചെയ്തു). അവരുടെ വാദപ്രകാരം അവരും അവരുടെ പിതാക്കളും നിലകൊള്ളുന്ന ബഹുദൈവ വിശ്വാസവും വഴികേടും ബുദ്ധിപരമായ കാര്യമാണ്; എന്നാൽ നൂഹ്عليه السلام കൊണ്ടുവന്നതാകട്ടെ വിഡ്ഢിത്തവും വഴികേടും ഭ്രാന്തന്മാരിൽനിന്നുള്ളതുമാകുന്നു. സത്യത്തെ അവർ തള്ളിക്കളഞ്ഞു. സ്ഥാപിതയാഥാർഥ്യങ്ങളെ മതപരമായും ബുദ്ധിപരമായും അവർ കീഴ്മേൽ മറിച്ചു. യഥാർഥത്തിൽ നൂഹ്عليه السلام കൊണ്ടുവന്നത് തെളിഞ്ഞതും ഋജുവായതും ബുദ്ധിയെ നേർവഴിയിലേക്ക് നയിക്കുന്നതുമാണ്; വെളിച്ചത്തിലേക്കും സന്മാർഗത്തിലേക്കും. അവർ നിലകൊള്ളുന്നതാകട്ടെ വ്യക്തമായ വഴികേടിലും അറിവില്ലായ്മയിലും. (വിരട്ടി ഓടിക്കുകയും ചെയ്തു) അല്ലാഹുവിലേക്ക് അവരെ ക്ഷണിച്ചതിനാൽ അവർ അദ്ദേഹത്തോട് കഠിനമായി പെരുമാറുകയും വിരട്ടുകയും ചെയ്തു. വിശ്വസിക്കാതിരിക്കുകയും കളവാക്കുകയും ചെയ്തതുകൊണ്ട് മതിയാക്കിയില്ല അവർ. കഴിയാവുന്നത്ര അവർ അദ്ദേഹത്തെ പീഡിപ്പിച്ചു. എല്ലാ പ്രവാചകന്മാർക്കും അവരുടെ ശത്രുക്കളിൽനിന്നു ലഭിച്ചത് ഇതുതന്നെയായിരുന്നു.

10. ഈ സന്ദർഭത്തിലാണ് നൂഹ്عليه السلام തന്റെ രക്ഷിതാവിനെ വിളിച്ചത്. അദ്ദേഹം പറഞ്ഞു: (ഞാൻ പരാജിതനാണ്) അവരെ ജയിക്കാൻ എനിക്ക് കഴിയില്ല. കാരണം അദ്ദേഹത്തിൽ വിശ്വസിച്ചത് വളരെ ചെറിയ ന്യൂനപക്ഷം മാത്രമായിരുന്നു. തങ്ങളുടെ സമൂഹത്തെ നേരിടാൻ അവർക്ക് കഴിയില്ല. (അതിനാൽ എന്റെ രക്ഷക്കായി നീ നടപടി സ്വീകരിക്കേണമേ) അല്ലാഹുവേ, അവരിൽനിന്ന് നീ എന്നെ രക്ഷിക്കേണമേ. മറ്റൊരു വചനത്തിൽ അല്ലാഹു പറഞ്ഞു: “എന്റെ രക്ഷിതാവേ, ഭൂമുഖത്ത് സത്യനിഷേധികളിൽപെട്ട ഒരു പൗരനെയും നീ വെറുതെ വിട്ടേക്കരുതേ”(71:26).

(തുടരും)



**ഹുസൈൻ സലഫി, ഷാർജ**
hsalafi@gmail.com

# മദീനയുടെ മണ്ണിൽ

**മുഹമ്മദ് നബിﷺ 30**

ആബാലവൃദ്ധം ജനങ്ങൾ ഇരുവരെയും വരവേൽക്കാൻ അത്യുത്സാഹത്തോടെ കാത്തിരിക്കുകയാണ്. നബിﷺയും അബൂബക്റും رضي الله عنه വരുന്നുണ്ടോ എന്നറിയാൻ ഓരോ ദിവസവും രാവിലെ മക്കയിൽനിന്നും യഥ്‌രിബിലേക്ക് ഇറങ്ങുന്ന ഭാഗത്തേക്ക് ചെന്ന് എത്തിനോക്കും. വെയിലിന്റെ ചൂട് കൂടുന്നതുവരെ അവർ അവിടെ നിൽക്കും! പിന്നീട് അവർ അവരവരുടെ വീടുകളിലേക്ക് മടങ്ങും. അങ്ങനെ ഒരു ദിവസം എല്ലാവരും വീട്ടിലേക്ക് മടങ്ങിയ സന്ദർഭം. യഥ്‌രിബിലെ ഒരു യഹൂദി തന്റെ ഒരു ആവശ്യത്തിനായി അവിടത്തെ ഒരു കുന്നിൽ കയറി. ദൂരെ ഒരു ചെറു സംഘത്തെ അയാൾ കാണുകയാണ്. യഥ്‌രിബുകാർ കാത്തിരിക്കുന്ന ആ

ളുകളാണല്ലോ ആ വരുന്നത്. അദ്ദേഹത്തിന് ആ സന്തോഷം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. കാരണം, എല്ലാവരും ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരാളെ താനാണല്ലോ ആദ്യം കണ്ടത്. അദ്ദേഹം അത്യുച്ചത്തിൽ വിവരം വിളംബരം ചെയ്തു. സ്വഹീഹുൽ ബുഖാരിയിൽ ഇങ്ങനെ കാണാം:

"ഓ അറബ് സമൂഹമേ! ഇതാ, നിങ്ങൾ കാത്തിരിക്കുന്ന നിങ്ങളുടെ മഹാൻ (വരുന്നു).' അപ്പോൾ മുസ്‌ലിംകൾ ആയുധസജ്ജരാകുന്നതിനുവേണ്ടി ഇളകിമറിഞ്ഞു. അങ്ങനെ അവർ അല്ലാഹുവിന്റെ ദൂതനെ ഉച്ചസമയത്ത് വരവേറ്റു."

യഹൂദിയുടെ വിളംബരം കേട്ടപാടെ മുസ്‌ലിംകൾ അവരുടെ വീടുകളിൽനിന്ന് ആയുധസജ്ജരായി നബിﷺയെ സ്വീകരിക്കാൻ തയ്യാറെടുത്തു. അവർ ഏറെ ആഗ്രഹത്തോടും പ്രതീക്ഷയോടും കൂടി കാത്തിരുന്ന അവരുടെ പ്രവാചകനെ ആരെങ്കിലും അപായപ്പെടുത്താൻ വരുമോ എന്ന ഭയംകൊണ്ടാണ് അവർ ആയുധസജ്ജരായി പുറപ്പെട്ടത്.

മദീനയുടെ ചാരത്ത് എത്തിയ നബിﷺയും അബൂബക്‌റും رضي الله عنه ആദ്യമായി ഇറങ്ങിയത് ക്വുബാഅ് എന്ന സ്ഥലത്തായിരുന്നു. ഏതാനും ദിവസങ്ങൾ ഇരുവരും അവിടെ താമസിച്ചു. അവിടെ നബിﷺയുടെ നേതൃത്വത്തിൽ ഒരു പള്ളി പണിയുകയും ചെയ്തു. ആ ചെറിയ പള്ളിയിൽവെച്ചായിരുന്നു ആ നാളുകളിൽ നബിﷺ നമസ്‌കാരം അനുഷ്ഠിച്ചിരുന്നത്. ആ പള്ളിയെ സംബന്ധിച്ച് ക്വുർആൻ ഇപ്രകാരം പറയുന്നുണ്ട്:

"...ആദ്യദിവസം തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്‌കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധികൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു"(ക്വുർആൻ 9:108).

പ്രവാചകത്വത്തിനു ശേഷം പ്രവാചകന്റെ കരങ്ങളാൽ ആദ്യമായി പണിത മസ്ജിദായിരുന്നു ഇത്. ആ പള്ളിയിൽവെച്ച് നമസ്‌കരിക്കുന്നതിന് പ്രത്യേകം മഹത്ത്വവുമുണ്ട്. മദീനയിൽ എത്തിയ ശേഷവും നബിﷺ ഈ പള്ളി സന്ദർശിക്കാറുണ്ടായിരുന്നു എന്നത് അതിന്റെ പ്രത്യേകത അറിയിക്കുന്നതാണ്. മറുനാടുകളിൽനിന്ന് ഹജ്ജിനും ഉംറക്കുമെല്ലാമായി പോകുന്ന തീർഥാടകർ അധികവും മദീനയിൽ പോകാറുണ്ട്. ആ സന്ദർഭത്തിൽ വിശ്വാസികൾ സന്ദർശിക്കുന്ന ഒരു പുണ്യഗേഹമാണ് മസ്ജിദു ക്വുബാഅ്. ഈ മസ്ജിദിന്റെ മഹത്ത്വത്തെ പറ്റി നബിﷺ നമുക്ക് വിവരിച്ചുതന്നത് പ്രസിദ്ധ ഹദീഥ് ഗ്രന്ഥങ്ങളിലെല്ലാം നമുക്ക് കാണാവുന്നതാണ്. മദീനയിൽ എത്തിയതിന് ശേഷവും ആഴ്ചതോറും ആ പള്ളിയിൽ നബിﷺ വരാറുണ്ടായിരുന്നു എന്നും ആ പള്ളിയിൽവെച്ച് നബിﷺ രണ്ട് റക്അത്ത് നമസ്‌കരിക്കാറുണ്ടായിരുന്നു എന്നുമെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുപോലെ ക്വുബാഅ് പള്ളിയിലെ നമസ്‌കാരം ഒരു ഉംറക്ക് സമാനമാണെന്ന് നബിﷺ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു തീർഥ യാത്രക്കായി ആ ഭവനത്തിലേക്ക് പുറപ്പെട്ടുകൂടാ. മക്കയിലെ മസ്ജിദുൽ ഹറാം, മദീനയിലെ മസ്ജിദുന്നബവി, ഫലസ്തീനിലെ മസ്ജിദുൽ അക്വ്സ്വാ എന്നീ മൂന്ന് പള്ളികളിലേക്കേ തീർഥയാത്ര ഇസ്‌ലാം അനുവദിക്കുന്നുള്ളൂ.

ക്വുബായിൽ ഏതാനും ദിവസങ്ങൾ താമസിച്ച നബിﷺയും അബൂബക്‌റും رضي الله عنه മദീനയിലേക്ക് പുറപ്പെട്ടു. മദീനയിലേക്ക് പുറപ്പെടുന്ന വിവരം മദീനയിലെ പ്രസിദ്ധ ഗോത്രക്കാരായ ബനൂനജ്ജാറിലെ തലവന്മാരെ ദൂതന്മാർ മുഖേന അറിയിച്ചിരുന്നു. വിവരം ലഭിച്ച അവർ ആയുധസജ്ജരായി പ്രവാചകനെ വരവേൽക്കുന്നതിനായി തയ്യാറെടുത്തു. മക്കയിൽനിന്നും മദീനയിലേക്ക് എത്തിയ നബിﷺയെയും അനുയായികളെയും സ്വീകരിച്ച അൻസ്വാറുകളായ മദീനയിലെ വിശ്വാസികളിൽ നൂറിൽ അധികം പേർ നബിﷺയെയും അബൂബക്‌റി رضي الله عنه നെയും മദീനയിൽ എത്തുന്നതിന് മുമ്പു തന്നെ വലയംചെയ്തു കഴിഞ്ഞിരുന്നു. അവർ നബിﷺയുടെ കൂടെ നട

> **പ്രവാചകത്വത്തിനു ശേഷം പ്രവാചകന്റെ കരങ്ങളാൽ ആദ്യമായി പണിത മസ്ജിദായിരുന്നു മസ്ജിദു ക്വുബാഅ്. ആ പള്ളിയിൽവെച്ച് നമസ്‌കരിക്കുന്നതിന് പ്രത്യേകം മഹത്ത്വവുമുണ്ട്. മദീനയിൽ എത്തിയ ശേഷവും നബിﷺ ഈ പള്ളി സന്ദർശിക്കാറുണ്ടായിരുന്നു എന്നത് അതിന്റെ പ്രത്യേകത അറിയിക്കുന്നതാണ്. മറുനാടുകളിൽനിന്ന് ഹജ്ജിനും ഉംറക്കുമെല്ലാമായി പോകുന്ന തീർഥാടകർ അധികവും മദീനയിൽ പോകാറുണ്ട്. ആ സന്ദർഭത്തിൽ വിശ്വാസികൾ സന്ദർശിക്കുന്ന ഒരു പുണ്യഗേഹമാണ് മസ്ജിദു ക്വുബാഅ്.**

ബീർ മുഴക്കിക്കൊണ്ട് അവർ നബിﷺയെ സ്വീകരിച്ചു. സ്വഹീഹ് മുസ്‌ലിമിൽ നമുക്ക് ഇപ്രകാരം കാണാം:

“യാ മുഹമ്മദ്, യാ റസൂലല്ലാഹ് എന്നിങ്ങനെ യുവാക്കളും കുട്ടികളും സ്‌നേഹത്തോടെ നബിﷺയെ വിളിക്കുന്നുണ്ടായിരുന്നു.” അന്ന് അവർ നബിﷺയെ സ്‌നേഹത്തോടെ വിളിക്കുന്ന വേളയിൽ ‘യാ മുഹമ്മദ്’ എന്ന് പ്രയോഗിച്ചിരുന്നു. എന്നാൽ പിന്നീട് അപ്രകാരം നബിﷺയെ വിളിക്കുന്നത് മുസ്‌ലിമിന് ചേർന്നതല്ലെന്ന് മനസ്സിലാക്കിയ അവർ അപ്രകാരം ഒരിക്കൽ പോലും അവിടുത്തെ വിളിച്ചിട്ടുമില്ല. മദീനയിൽ എത്തിയ നബിﷺയെ തന്റെ കൂടെ താമസിക്കാൻ കിട്ടിയിരുന്നെങ്കിൽ എന്ന് എല്ലാവരും മോഹിച്ച ദിവസമായിരുന്നു അത്. എന്നാൽ അപ്പോഴെല്ലാം അല്ലാഹുവിന്റെ പ്രത്യേകമായ നിർദേശത്താൽ അവിടുന്ന് മുന്നോട് നീങ്ങിക്കൊണ്ടിരുന്നു. നബിﷺയെ ക്ഷണിക്കുന്നവരോടെല്ലാം നബിﷺ സ്‌നേഹത്തോടെ പ്രതികരിച്ച് മുന്നോട്ടുപോയി. നബിﷺയുടെ വാഹനം എവിടെയാണോ മുട്ടുകുത്തുന്നത് അവിടെയായിരിക്കും നബിﷺയുടെ താമസം എന്ന് അവർക്ക് അറിയാമായിരുന്നു. നബിﷺയും അബൂബക്റും رضي الله عنه ഒട്ടകപ്പുറത്ത് പോകവെ ഓരോ വീട്ടുകാരും തങ്ങളുടെ വീട്ടുപടിക്കൽ എത്തുമ്പോൾ ഒട്ടകം മുട്ടുകുത്തിയിരുന്നെങ്കിൽ ആശിച്ചു!

അബൂഅയ്യൂബുൽ അൻസ്വാരിയുടെ വീടിന് മുമ്പിൽ നബിﷺയുടെ ഒട്ടകം മുട്ടുകുത്തി. നബിﷺ ആ വീട്ടിൽ ഇറങ്ങി താമസിച്ചു. അതായിരുന്നു അല്ലാഹുവിന്റെ തീരുമാനം.

നബിﷺ മദീനയിൽ എത്തുന്നതിന് മുമ്പ് അഭയാർഥികളായി മദീനയിൽ എത്തിയ മുഹാജിറുകളായ സ്വഹാബിമാരെ നബിﷺ മദീനക്കാർക്കിടയിൽ വീതിച്ചു. ഓരോ മുഹാജിറിനെയും അളവറ്റ ക്കുന്നുണ്ട്. അന്ന് അവർക്ക് ഏറ്റവും വലിയ സന്തോഷത്തിന്റെ ദിനമായിരുന്നു എന്നും അതുപോലെ യഥ്‌രിബുകാർ ഒരു നാളും സന്തോഷിച്ചിട്ടില്ല എന്നും ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. നബിﷺ മദീനയിൽ എത്തിയതിന് ശേഷം യഥ്‌രിബ് എന്ന ആ നാടിന്റെ പേരുതന്നെ മാറ്റി ‘മദീനതുർറസൂൽ’ (റസൂലിന്റെ പട്ടണം) എന്നാക്കി മാറ്റി. പിന്നീട് മദീന എന്ന പേരിലാണ് ആ പ്രദേശം അറിയപ്പെടുന്നത്. നബിﷺ വരുന്ന വിവരം കേട്ടവരെല്ലാം അദ്ദേഹത്തെ സ്വീകരിക്കാൻ പുറപ്പെട്ടു. അന്നേ ദിവസത്തെ മദീനക്കാരുടെ സന്തോഷത്തെ പറ്റി ബറാഅ് ഇബ്നു ആസിബ് رضي الله عنه ഇപ്രകാരം പറയുന്നുണ്ട്: “അല്ലാഹുവിന്റെ റസൂലിﷺനെക്കൊണ്ട് സന്തോഷിച്ചതുപോലെ മദീനക്കാർ സന്തോഷിച്ചത് ഞാൻ കണ്ടിട്ടില്ല.” നബിﷺയെ സ്വീകരിക്കാനായി മദീനക്കാർ ‘ത്വലഅൽബദ്‌റു അലയ്നാ’ എന്ന് തുടങ്ങുന്ന ഈരടികൾ പാടി എന്ന് പറയുന്ന ചില റിപ്പോർട്ടുകൾ വന്നിട്ടുണ്ടെങ്കിലും അത് സ്ഥിരപ്പെട്ടതല്ലെന്നാണ് പണ്ഡിതന്മാർ പറയുന്നത്.

നാളുകളായി കാത്തിരിക്കുന്ന തങ്ങളുടെ പ്രിയപ്പെട്ട ആ നേതാവിനെ ഒരുനോക്കു കാണാൻ അത്യുത്സാഹത്തിലായിരുന്നല്ലോ അവർ. നബിﷺ മദീനയിലേക്ക് എത്തിയതിന്റെ സന്തോഷാധിക്യത്താൽ അവർ ഉറക്കെ വിളിച്ചു പറയുന്നുണ്ട്: ‘അല്ലാഹുവിന്റെ പ്രവാചകൻ വന്നിരിക്കുന്നു, അല്ലാഹുവിന്റെ പ്രവാചകൻ വന്നിരിക്കുന്നു...’ തക്

നബിﷺയെ വധിക്കുന്നവർക്ക് നൂറ് ഒട്ടകം സമ്മാനം പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അബൂമഅ്ബദി رضي الله عنه ന്റെ വീട്ടിൽനിന്നും നബിﷺയും അബൂബക്റും رضي الله عنه പുറപ്പെടുന്നത് സുറാക്വതുബ്നു മാലിക് കാണുകയാണ്. ആവേശത്തോടെ അദ്ദേഹം നബിﷺയെ പിന്തുടർന്നു.

മൂന്നാളുകൾ ഇന്ന വഴിക്ക് പോകുന്നത് കണ്ടു എന്ന് സുറാക്വത്തിന് വിവരം കിട്ടി. അത് നബിﷺയും അബൂബക്റും رضي الله عنه സഹായിയും ആണ് എന്ന് അയാൾ ശരിക്കും മനസ്സിലായിരുന്നു. എന്നാലും സുറാക്വത്ത് പറഞ്ഞു: ‘അത് അവരാകില്ല. വല്ല കച്ചവടക്കാരും പോകുന്നതാകും.’ ക്വുറയ്ശികൾ പ്രഖ്യാപിച്ച സമ്മാനം താൻതന്നെ നേടുന്നതിന് അയാൾ ഒരു സൂത്രം പ്രയോഗിച്ചതായിരുന്നു. അതും പറഞ്ഞ് സുറാക്വത്ത് അവിടെനിന്നും അവരറിയാതെ അതിവേഗത്തിൽ കുതിക്കുന്ന ഒരു കുതിരപ്പുറത്ത് യാത്രയാരംഭിച്ചു. സഞ്ചാരത്തിനിടയിൽ കുതിര വീഴുന്നു, സുറാക്വത്തും കുതിരപ്പുറത്തുനിന്ന് വീഴുന്നു. കാരണം മനസ്സിലാകാതെ സുറാക്വത്ത് യാത്ര തുടർന്നുകൊണ്ടേയിരുന്നു. ഏകദേശം നബിﷺയുടെ അടുത്ത് എത്താനായി. നബിയെ പിടിക്കാൻ വരുന്ന ആരെങ്കിലും ഉണ്ടോ എന്ന് അറിയാൻ അബൂബക്ർ رضي الله عنه ഇടയ്ക്കിടെ പിന്നിലേക്ക് തിരിഞ്ഞുനോക്കും. അബൂബക്ർ رضي الله عنه സുറാക്വത്തിനെ കണ്ടു. നബിﷺയോട് വിവരം പറഞ്ഞു. നബിﷺ തിരിഞ്ഞുനോക്കിയതേയില്ല. അവിടുന്ന് ക്വുർആൻ പാരായണം ചെയ്ത് മുന്നോട്ട് പോയിക്കൊ

സ്നേഹത്തോടെ സ്വീകരിക്കാനേ അൻസ്വാറുകളായ മദീനക്കാർക്ക് സാധിച്ചിരുന്നുള്ളൂ. അന്ന് അവർ കാണിച്ച സ്നേഹവും ദയയുമെല്ലാം അനുപമമായിരുന്നു. അഭയാർഥികൾക്ക് ഇപ്രകാരം സ്വീകരണം നൽകി ആദരിച്ച ഒരു ചരിത്രം ലോകത്ത് നമുക്ക് കാണുക സാധ്യമല്ല. ക്വുർആൻതന്നെ അവരെ സംബന്ധിച്ച് പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്:

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞുവന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർതന്നെയാകുന്നു വിജയം പ്രാപിച്ചവർ" (ക്വുർആൻ 59:9).

അൻസ്വാറുകളെ സംബന്ധിച്ചാണ് ഈ സൂക്തം പരാമർശിക്കുന്നത്. മുഹാജിറുകൾ മദീനയിൽ എത്തുന്നതിന് മുമ്പേ അവർക്ക് വേണ്ടതെല്ലാം അവർ ഒരുക്കിവെച്ചിരുന്നു. മുഹാജിറുകളായ വിശ്വാസികളെ അൻസ്വാറുകൾ വളരെയേറെ സ്നേഹിച്ചു; വേണ്ടവിധം സഹായിച്ചു. മുഹാജിറുകളായ ഈ കൂട്ടരെ സഹായിക്കുന്നതിന്റെ പേരിൽ അവർ ഭൗതികമായ ഒരു നേട്ടവും പ്രതീക്ഷിച്ചതേയില്ല. സ്വന്തം കാര്യത്തെക്കാൾ അൻസ്വാറുകൾ മുഹാജിറുകളുടെ ക്ഷേമത്തിന് ഊന്നൽ നൽകി. അൻസ്വാറുകൾ അതിനുമാത്രം ധനികരോ പണക്കാരോ ആയിരുന്നില്ല. എന്നാലും വിശ്വസിച്ചതിന്റെ പേരിൽ സ്വന്തം നാട്ടിൽനിന്നും പുറത്താക്കപ്പെട്ടവരായ മുഹാജിറുകളെ അവർക്ക് കഴിയുന്നത് പോലെ അവർ സ്വീകരിച്ചു. അതിഥികളായ മുഹാജിറുകൾക്ക് അൻസ്വാറുകൾ തങ്ങളുടെ വീട്ടിൽ പാകംചെയ്തിട്ടുള്ള ഭക്ഷണം നൽകി. വീട്ടുകാരായ അൻസ്വാറുകൾ കഴിച്ചില്ലെങ്കിലും മുഹാജിറുകളായ വിശ്വാസികൾ കഴിക്കട്ടെ എന്നതായിരുന്നു അവരുടെ തീരുമാനം. കർഷകരായ അൻസ്വാറുകൾ മുഹാജിറുകൾക്ക് തങ്ങളുടെ കൃഷിയിടം കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുത്തു. കച്ചവടക്കാരായ അൻസ്വാറുകൾ അവരുടെകൂടെ നിറുത്തി കച്ചവടം തുടർന്നു. അൻസ്വാറുകളുടെ വീടുകൾ പകുതിയായി തിരിച്ച് മുഹാജിറുകൾക്കും താമസസൗകര്യം നൽകി. ഒന്നിലധികം ഭാര്യമാരുള്ള അൻസ്വാറുകൾ ത്വലാക് ചെയ്ത് അവരുടെ ഇദ്ദാ കാലശേഷം നിങ്ങൾ വിവാഹം ചെയ്തോളൂ എന്ന് പോലും മുഹാജിറുകളോട് പറയുവാൻ തയ്യാറായി. ചരിത്രത്തിൽ സമാനതകളില്ലാത്ത സ്വീകരണം, സ്നേഹം, അനുകമ്പ...! മദീനക്കാരുടെ ആ സ്നേഹവും ദയയും ഇന്നും അവരിൽ നിലനിൽക്കുന്നത് നമുക്ക് കാണാം. റമദാനിൽ മദീനയിലെ പള്ളിയിൽ പോയവർക്ക് അത് മനസ്സിലായിട്ടുണ്ടാകും. മഗ്‌രിബിന്റെ സമയം ആകുന്നതിന് മുമ്പേ മദീനാ നിവാസികൾ നോമ്പുതുറപ്പിക്കുന്നതിനായി ആളുകളെ വിളിച്ചുകൊണ്ടുപോയി സൽക്കരിക്കുന്നത് കാണാം.

അൻസ്വാറുകളായ ആ സ്വഹാബിമാരുടെ പ്രവർത്തനങ്ങൾ കണ്ടിട്ട് നബിﷺ അവരെ ഏറെ പ്രശംസിച്ചിട്ടുണ്ട്. നബിﷺ പറയുന്നത് കാണുക:

ണ്ടിരുന്നു. 'അബൂബക്‌റേ, പേടിക്കേണ്ടതില്ല, അല്ലാഹുവുണ്ട് കൂടെ' എന്നിങ്ങനെ നബിﷺ ആശ്വസിപ്പിച്ചു. പെട്ടെന്ന് സുറാക്വത്തിന്റെ കുതിര നബിﷺയുടെ സമീപത്ത് എത്തി. 'നിൽക്കൂ' എന്ന് അട്ടഹസിച്ച് നബിﷺക്കെതിരിൽ മുന്നോട്ടുവന്ന സുറാക്വത്തിന് അതുവരെ ഉണ്ടായതിൽ നിന്ന് വ്യത്യസ്തമായ ഒരു അനുഭവം ഉണ്ടാകുകയാണ്. അയാളുടെ കുതിരയുടെ കാൽ മുട്ടോളം മണലിൽ ആണ്ടുപോയി. രക്ഷയില്ലെന്ന് സുറാക്വത്തിന് മനസ്സിലായി. ഞാൻ ഒന്നും ചെയ്യില്ലെന്ന് വിളിച്ചു പറഞ്ഞു. നിങ്ങളെ ഉപദ്രവിക്കില്ലെന്നും നിങ്ങളെക്കുറിച്ച് ആർക്കും വിവരം കൊടുക്കില്ലെന്നും സുറാക്വത്ത് നബിﷺക്ക് ഉറപ്പു നൽകി. അവിടെനിന്നും രക്ഷപ്പെടുക എന്നത് മാത്രമായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ മുന്നിലെ ലക്ഷ്യം. ഏതായിരുന്നാലും അദ്ദേഹം നബിﷺക്ക് നൽകിയ ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മണലിൽ ആണ്ട കുതിരയെയും അവനെയും നബിﷺ രക്ഷപ്പെടുത്തുകയും അവൻ തിരികെ പോകുകയും ചെയ്തു. സുറാക്വത്ത് കരാർ പാലിച്ചു. ആരോടും ഈ വിവരം പറഞ്ഞില്ല. പിന്നീട് കുറെ നാളുകൾ കഴിഞ്ഞ് അദ്ദേഹം മുസ്‌ലിമാകുകയും ചെയ്തു. ദുർഘടമായ മാർഗങ്ങളിലൂടെ അല്ലാഹുവിന്റെ സഹായത്താൽ നബിﷺയും അബൂബക്‌റും رضي الله عنه യഥ്‌രിബിലേക്ക് യാത്രതുടർന്നു. യഥ്‌രിബുകാർ തങ്ങൾ സഹായം വാഗ്ദാനം ചെയ്ത നേതാവിന്റെ വരവിനെ സന്തോഷത്തോടെ കാത്തിരിക്കുകയായിരുന്നു.

"ഹിജ്റ ഇല്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ അൻസ്വാറുകളുടെ കൂട്ടത്തിൽ പെട്ടവനാകുമായിരുന്നു" (ബുഖാരി).

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം: "അബ്ദുല്ലാഹിബ്നു സയ്ദി ﷺൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: 'ഹിജ്റ ഇല്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ അൻസ്വാറുകളുടെ കൂട്ടത്തിൽ പെട്ടവനാകുമായിരുന്നു. (അൻസ്വാറുകളും മറ്റുള്ളവരും ഉള്ള സന്ദർഭത്തിൽ) ആളുകൾ ഒരു താഴ്വരയിലോ അല്ലെങ്കിൽ ഒരു പർവതനിരയിലോ പ്രവേശിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ പ്രവേശിക്കുക അൻസ്വാറുകൾ (പ്രവേശിച്ച ആ) താഴ്വരയിലും പർവതനിരകളിലും ആയിരിക്കും" (ബുഖാരി).

സ്വഹാബിമാരിൽ അൻസ്വാറുകളെക്കാൾ ശ്രേഷ്ഠത മുഹാജിറുകൾക്ക് തന്നെയാണ്. അൻസ്വാറുകൾക്കും വലിയ സ്ഥാനം ഇസ്‌ലാം നൽകിയിട്ടുണ്ട്. അൻസ്വാറുകളുടെ അതുല്യമായ സ്വഭാവമഹിമയെ നബിﷺ ലോകരെ അറിയിക്കുന്ന വചനങ്ങളാണ് മുകളിൽ നാം വായിച്ചത്.

മദീനയിൽ എത്തിയ മുഹമ്മദ് നബിﷺ അബൂഅയ്യൂബുൽ അൻസ്വാരിﷺയുടെ വീട്ടിലായിരുന്നു താമസിച്ചത് എന്ന് പറഞ്ഞുവല്ലോ. തന്റെ കൂടെ മക്കയിൽനിന്നും എത്തിയിട്ടുള്ള അനുചരന്മാർക്ക് ചെയ്തുകൊടുക്കേണ്ടതായ കാര്യങ്ങളെല്ലാം നബിﷺ ചെയ്തുകൊടുത്തു. പല വീടുകളിലും അവരെ താമസിപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി. എന്നാലും താമസിക്കാൻ വീടില്ലാത്ത മുഹാജിറുകളും ഉണ്ടായിരുന്നു. അവരെ പിന്നീട് മദീനാ പള്ളിയുടെ ചാരത്ത് താമസിപ്പിക്കുവാനുള്ള സൗകര്യം നബിﷺ ഒരുക്കി. അവരാണ് ചരിത്രത്തിൽ 'അഹ്ലുസ്സുഫ്ഫ' എന്ന പേരിൽ പിന്നീട് അറിയപ്പെട്ടത്. 'അഹ്ലുസ്സുഫ്ഫ' എന്ന പേരിൽ അറിയപ്പെട്ട ആ മഹാന്മാരുമായി ബന്ധപ്പെട്ട ഭാഗം മദീനയിലെ പള്ളിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിക്കുന്നിടത്ത് പറയാം; ഇൻശാ അല്ലാഹ്.

## മദീനയിലെ പള്ളിനിർമാണം

മദീനയിലെ ബനൂനജ്ജാർ ഗോത്രക്കാരായ രണ്ട് അനാഥകളുടെ കൈവശമുണ്ടായിരുന്ന ഒരു ഈത്തപ്പനത്തോട്ടത്തെപ്പറ്റി നബിﷺക്ക് വിവരം ലഭിച്ചു. ധാരാളം ഈത്തപ്പനകളുള്ള ഒരു തോട്ടമായിരുന്നു അത്. അതിൽ അവിശ്വാസികളായ ചിലരെ മറവുചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ സ്ഥലം വാങ്ങുന്നതിന് വേണ്ടി ആ കുട്ടികളുടെ ബന്ധപ്പെട്ടവരുമായി നബിﷺ സംസാരിച്ചു. അങ്ങനെ ഒരു പള്ളി അവിടെ സ്ഥാപിക്കാനായി നബിﷺ തീരുമാനിച്ചു. നബിﷺയോട് അവർ ആ സ്ഥലം വെറുതെ തരാം എന്ന് പറഞ്ഞുവെങ്കിലും നബിﷺ അത് അംഗീകരിച്ചില്ല. ആ സ്ഥലം വില കൊടുത്ത് വാങ്ങാനായിരുന്നു നബിﷺയുടെ തീരുമാനം. അങ്ങനെ ധാരാളം കല്ലുകളും കുറ്റിച്ചെടികളുമെല്ലാം ഉണ്ടായിരുന്ന ആ സ്ഥലം നബിﷺയുടെയും സ്വഹാബിമാരുടെയും നേതൃത്വത്തിൽ വെട്ടിത്തെളിയിച്ച് വൃത്തിയാക്കി. മുറിച്ചുനീക്കേണ്ട ഈത്തപ്പനകൾ മുറിച്ചുമാറ്റി. ഫലവൃക്ഷങ്ങളാണെങ്കിലും മനുഷ്യന് അത്യാവശ്യമാണെങ്കിൽ മുറിച്ചുമാറ്റാം എന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം. അതോടൊപ്പം അനാവശ്യമായി ഒരു വൃക്ഷംപോലും നശിപ്പിക്കാനും പാടില്ല എന്നും ഇതിൽനിന്ന് മനസ്സിലാക്കാം. എത്രയോ കാലത്തെ പഴക്കമുള്ള ഏതാനും ആളുകളുടെ ക്വബ്റും ആ സ്ഥലത്ത് ഉണ്ടായിരുന്നല്ലോ. അവ കുഴിച്ചെടുത്ത് അതിലെ നുരുമ്പിയ എല്ലുകളും മറ്റും മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയും ചെയ്തു. എല്ലാം കഴിഞ്ഞതിന് ശേഷം നബിﷺയുടെ നേതൃത്വത്തിൽ അവിടെ പള്ളി പണിയാൻ തുടങ്ങി. ജനങ്ങൾ എല്ലാവരും ആ പള്ളിയുടെ നിർമാണത്തിൽ പങ്കുചേർന്നു.


പള്ളിയുടെ നിർമാണം പുരോഗമിക്കാൻ തുടങ്ങി. ഈത്തപ്പനയോലകൾ കൊണ്ട് മറച്ചതായിരുന്നു അന്ന് ആ പള്ളി. പള്ളി നിർമാണ സമയത്ത് നബിﷺ ഇപ്രകാരം പറയുന്നുണ്ടായിരുന്നു:

"അല്ലാഹുവേ, പരലോകത്തിലെ നന്മയല്ലാത്ത ഒരു നന്മയുമില്ല. അൻസ്വാറുകളെയും മുഹാജിറുകളെയും നീ സഹായിക്കേണമേ."

ഇന്ന് നാം കാണുന്ന ആ മഹനീയ മന്ദിരത്തിന്റെ ആദ്യനിർമാണമായിരുന്നു അത്. അന്ന് ഈത്തപ്പനയോലകൾകൊണ്ടാണ് ചുറ്റുപാടും മറച്ചിരുന്നത് എന്ന് പറഞ്ഞുവല്ലോ. പിന്നീട് നാലുവർഷത്തിന് ശേഷം ഇഷ്ടിക മുഖേനയും അത് നിർമിച്ചിരുന്നു. പള്ളിനിർമാണത്തിന് ശേഷം നബിﷺ അവിടെ നമസ്കാരം തുടങ്ങി. താമസിക്കാൻ ഇടമില്ലാത്ത മുഹാജിറുകളെ പിന്നീട് നബിﷺ ഈ പള്ളിയിൽ പാർപ്പിച്ചു. അതുപോലെ ആ പള്ളിയുടെ അടുത്തായി നബിﷺ ഒരു ഹുജ്റ (അറ) ഉണ്ടാക്കി. അതിന് ശേഷം അബൂഅയ്യൂബുൽ അൻസ്വാരിﷺയുടെ വീട്ടിൽനിന്ന് ഈ ഹുജ്റയിലേക്ക് അവിടുന്ന് താമസം മാറ്റി. പിന്നീട് നബിﷺ ഭാര്യമാർക്കായും അവിടെ പ്രത്യേകം ഹുജ്റകൾ ഉണ്ടാക്കി.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

14

(13) അത് (ദിക്ർ) അറിവിന്റെ വലിയൊരു വാതിൽ അയാൾക്ക് തുറന്നുകൊടുക്കും ദിക്ർ അധികരിപ്പിക്കുന്നതിനനുസരിച്ച് പ്രസ്തുത ജ്ഞാനവും അയാൾക്ക് അധികരിച്ചുകൊണ്ടിരിക്കും.

(14) സ്രഷ്ടാവിനെക്കുറിച്ചുള്ള ഭക്തിയും ബഹുമാനവും ആദരവും അതിലൂടെ കൈവരും. 'ദിക്ർ' ഒരാളുടെ മനസ്സിൽ ആധിപത്യമുറപ്പിക്കുന്നതിനനുസരിച്ചും അല്ലാഹുവുമായുള്ള അയാളുടെ സാന്നിധ്യവും ബന്ധവുമനുസരിച്ചും അത് ശക്തിപ്പെടും. എന്നാൽ ദിക്റിൽനിന്ന് അകന്ന അശ്രദ്ധയുടെ ആളുകളാവട്ടെ, അവരുടെ മനസ്സുകളിൽ അല്ലാഹുവിനോടുള്ള ഭക്തിയും ആദരവുമൊക്കെ വളരെ ശോഷിച്ചതുമായിരിക്കും.

(15) അല്ലാഹു അയാളെയും ഓർക്കുന്നതിന് 'ദിക്ർ' കാരണമാകുന്നു. അല്ലാഹു പറഞ്ഞതുപോലെ; 'ആകയാൽ നിങ്ങൾ എന്നെ ഓർക്കുവിൻ, എങ്കിൽ ഞാൻ നിങ്ങളെയും ഓർക്കുന്നതാണ്' (ക്വുർആൻ 2:152).

'ദിക്റിലൂടെ' ഈയൊരു നേട്ടമല്ലാതെ മറ്റൊന്നുമില്ലായെന്നുവന്നാൽപോലും ഇതുതന്നെ അതിന്റെ മഹത്ത്വവും ശ്രേഷ്ഠതയുമായി ധാരാളം മതിയാകുന്നതാണ്.

അല്ലാഹു പറഞ്ഞതായി നബിﷺ ഒരു (ക്വുദ്സിയായ) ഹദീഥിലൂടെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ആരെങ്കിലും എന്നെ തന്റെ മനസ്സിൽ സ്മരിച്ചാൽ ഞാൻ അയാളെയും എന്റെ മനസ്സിൽ സ്മരിക്കും. ആരെങ്കിലും എന്നെ ഒരു സദസ്സിൽ സ്മരിച്ചാൽ അതിനെക്കാൾ ഉത്തമമായ ഒരു സദസ്സിൽ ഞാൻ അയാളെയും സ്മരിക്കുന്നതാണ്" (ബുഖാരി, മുസ്ലിം).

(16) അത് ഹൃദയത്തിന് നവജീവൻ നൽകും. ഗുരുനാഥൻ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ(റഹി) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ദിക്ർ ഹൃദയത്തെ സംബന്ധിച്ചിടത്തോളം മത്സ്യത്തിനു വെള്ളം എന്നപോലെയാണ്. വെള്ളത്തിൽനിന്ന് പുറത്തെടുത്താൽ മത്സ്യത്തിന്റെ അവസ്ഥ എന്തായിരിക്കും?'

(17) അത് ഹൃദയത്തിന്റെ ഭക്ഷണവും ചൈതന്യവുമാണ്. അത് ഒരാൾക്ക് നഷ്ടപ്പെട്ടാൽ അന്നപാനീയങ്ങൾ തടയപ്പെട്ട ശരീരംപോലെയായിരിക്കും.

ഞാനൊരിക്കൽ ഗുരുനാഥൻ ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ(റഹി)യുടെ അടുക്കൽ ചെന്നു. സ്വുബ്ഹി നമസ്കരിച്ച ശേഷം അദ്ദേഹം അല്ലാഹുവിന് 'ദിക്ർ' ചെയ്തുകൊണ്ട് ഏകദേശം മധ്യാഹ്നം വരെ അവിടെത്തന്നെ ഇരുന്നു. എന്നിട്ട് എന്റെ നേരെ നോക്കിക്കൊണ്ട് (ഈ ആശയത്തിൽ) പറഞ്ഞു: 'ഇത് എന്റെ ഭക്ഷണമാണ്. ഭക്ഷണം ഞാൻ കഴിച്ചില്ലെങ്കിൽ എന്റെ ശക്തി ക്ഷയിച്ചുപോകും.'

മറ്റൊരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്: "ഞാൻ 'ദിക്ർ' (റബ്ബിനുള്ള സ്തോത്ര കീർത്തനങ്ങൾ) ഒഴിവാക്കാറില്ല. അഥവാ ഒഴിവാക്കുകയാണെങ്കിൽ മറ്റൊരു 'ദിക്റി'നു വേണ്ടി തയ്യാറെടുക്കാനായിരിക്കും ആ വേള ഞാൻ ശ്രദ്ധിക്കുക."

(18) അത് ഹൃദയത്തിന്റെ അഴുക്കും കറകളും നീക്കുന്നതാണ്; മുമ്പ് ഹദീഥിൽ വിവരിച്ചത് പോലെ. ഓരോന്നിനും അഴുക്കും തുരുമ്പുമുണ്ട്. ഹൃദയത്തിന്റെ തുരുമ്പ് ദേഹേച്ഛയും അശ്രദ്ധയുമാണ്. അത് നീക്കി ശുദ്ധിയാക്കാൻ സാധിക്കുന്നത് ദിക്റും തൗബയും (പശ്ചാത്താപം) ഇസ്തിഗ്ഫാറും (പാപം പൊറുക്കാൻ തേടൽ) കൊണ്ടാണ്. മുമ്പ് ഈ ആശയം വിശദമാക്കിയതോർക്കുക.

(19) അത് തെറ്റുകളെ മായ്ച്ചുകളയും. നിശ്ചയം, ദിക്ർ ഏറ്റവും മഹത്തായ നന്മയാണ്. നന്മകൾ തിന്മകളെ നീക്കിക്കളയുന്നതാണ്.

(20) അത് ഒരു അടിമയുടെയും റബ്ബിന്റെയും ഇടയിലുള്ള ഇണക്കക്കുറവ് ഇല്ലാതാക്കും. തീർച്ചയായും ദിക്റിൽനിന്ന് അകന്ന് അശ്രദ്ധയിൽ കഴിയുന്ന വ്യക്തിക്കും അല്ലാഹുവിനുമിടയിൽ ഒരുതരം ഇണക്കക്കുറവുണ്ടാകും. 'ദിക്റി'ലൂടെ മാത്രമെ അത് ഇല്ലാതാവുകയുള്ളൂ.

(21) ഒരു അടിമ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയും അവന് സ്തോത്ര കീർത്തങ്ങൾ അർപ്പിച്ചും ഉരുവിടുന്ന ദിക്റുകൾ മുഖേന അല്ലാഹുവിങ്കൽ പ്രശംസിക്കപ്പെടും.

ഇമാം അഹ്മദ്(റഹി) തന്റെ മുസ്നദിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: "നബിﷺ പറഞ്ഞു: 'നിശ്ചയമായും അല്ലാഹുവിന്റെ മഹത്ത്വം വാഴ്ത്തിക്കൊണ്ട് നിങ്ങൾ ഉരുവിടുന്ന 'തഹ്‌ലീലും' (ലാ ഇലാഹ ഇല്ലല്ലാഹു എന്ന വചനം) 'തക്ബീറും' (അല്ലാഹു അക്ബർ എന്ന വചനം) 'തഹ്മീദും' (അൽഹംദുലില്ലാഹ് എന്ന വചനം) അല്ലാഹുവിന്റെ അർശിന് ചുറ്റും വലയംചെയ്യും. അവയ്ക്ക് തേനീച്ചയുടെ ശബ്ദത്തിനു സമാനമായ ഒരു ശബ്ദം ഉണ്ടായിരിക്കും. ആ വചനങ്ങൾ അവ ഉരുവിട്ട ആളുകളെക്കുറിച്ച് വിളിച്ചു പറഞ്ഞുകൊണ്ടിരിക്കും. അല്ലാഹുവിന്റെയടുക്കൽ അപ്രകാരം നിങ്ങളെക്കുറിച്ചും പറയപ്പെടാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ?'' (അഹ്മദ്, ഇബ്നുമാജ, ബസ്സാർ, ഹാകിം മുതലായവർ ഉദ്ധരിച്ചത്. സിൽസിലതുസ്സ്വഹീഹയിൽ (3358) ശൈഖ് അൽബാനി സ്വഹീഹ് എന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്).

(22) ഒരു ദാസൻ തന്റെ ക്ഷേമകാലത്ത് അല്ലാഹുവിനെ സ്മരിക്കുകവഴി അവനെ തിരിച്ചറിഞ്ഞാൽ ക്ഷാമകാലത്ത് അല്ലാഹു അയാളെയും കണ്ടറിയുന്നതാണ്. ഒരു ഹദീഥിൽ ഇപ്രകാരം കൂടി ആശയം വന്നിട്ടുണ്ട്: 'നിശ്ചയം, അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കുകയും അവനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്ന ഒരു അടിമക്ക് വല്ല പ്രയാസവും ബാധിച്ചാൽ, അതല്ലെങ്കിൽ അല്ലാഹുവിനോട് അയാൾ വല്ല ആവശ്യവും ചോദിച്ചാൽ മലക്കുകൾ പറയുമത്രെ: 'രക്ഷിതാവേ, സുപരിചിതനായ ദാസന്റെ പരിചയമുള്ള ശബ്ദമാണല്ലോ.'

എന്നാൽ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നകന്ന് അശ്രദ്ധയിൽ കഴിയുന്ന ഒരാൾ അല്ലാഹുവിനോട് പ്രാർഥിക്കുകയോ വല്ലതും ചോദിക്കുകയോ ചെയ്താൽ മലക്കുകൾ പറയുമത്രെ: 'രക്ഷിതാവേ, അപരിചിതനായ മനുഷ്യനിൽനിന്നുള്ള അപരിചിതമായ ശബ്ദമാണല്ലോ' (ഇബ്നു അബീശൈബ തന്റെ മുസ്വന്നഫിലും ബൈഹകി 'ശുഅബുൽ ഈമാനി'ലും സൽമാനുൽ ഫാരിസിയുടെ വാക്കായിട്ട് (മൗകൂഫ്) ഉദ്ധരിച്ചത്).

(23) അത് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുന്ന സംഗതിയാണ്. മുആദ്ؓ പറഞ്ഞത് പോലെ; 'അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷ നൽകുന്ന ഒരു കർമവും അല്ലാഹുവിനെ സ്മരിക്കുന്നതിനെക്കാൾ മികച്ചതായി ഒരാളും ചെയ്യുന്നില്ല.' നബിﷺയുടെ വാക്കായും ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും അത് സ്ഥിരപ്പെട്ടുവന്നിട്ടില്ല.

(24) അല്ലാഹുവിൽനിന്നുള്ള ശാന്തിയിറങ്ങാനും കാരുണ്യം ചൊരിയാനും മലക്കുകൾ ദിക്ർ ചൊല്ലുന്നയാളുടെ ചുറ്റിലും കൂടുവാനുമൊക്കെ അത് നിമിത്തമാണ്. നബിﷺ അറിയിച്ച ഹദീഥിൽ അത് വന്നിട്ടുള്ളതാണ്.

(25) അല്ലാഹു നിഷിദ്ധമാക്കിയ പരദൂഷണം (ഗീബത്ത്), ഏഷണി (നമീമത്ത്), കളവ്, അശ്ലീലം, നിരർഥകമായത്, മുതലായവ സംസാരിക്കുന്നതിൽ നിന്ന് നാവിനെ അത് തിരിച്ചുവിടുന്നു. അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് അവന് സ്തോത്രകീർത്തനങ്ങൾ അർപ്പിക്കാതെയും അവന്റെ വിധിവിലക്കുകളെ പ്രതിപാദിക്കാതെയും ഒരാൾ കഴിയുകയാണെങ്കിൽ ഉറപ്പായും ഈ നിഷിദ്ധങ്ങളൊക്കെയും അതല്ലെങ്കിൽ അവയിൽ ചിലതെങ്കിലും അയാൾക്ക് പറയേണ്ടി വരും. അതിനാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയല്ലാതെ അയാൾക്ക് അതിൽനിന്ന് രക്ഷപ്പെടാൻ വഴിയില്ലതന്നെ.

അനുഭവ സാക്ഷ്യങ്ങളും പരിചയങ്ങളും അത് സത്യപ്പെടുത്തുന്നുണ്ട്. ആരെങ്കിലും തന്റെ നാവിനെ അല്ലാഹുവിനെ പ്രകീർത്തിക്കാൻ പരിചയിപ്പിച്ചാൽ അല്ലാഹു അയാളുടെ നാവിനെ നിരർഥകവും അനാവശ്യവുമായ കാര്യങ്ങളിൽനിന്നു സംരക്ഷിക്കുന്നതാണ്. നേരെമറിച്ച് അല്ലാഹുവിനെ പ്രകീർത്തിക്കുന്നതിൽനിന്നകന്ന ഉണങ്ങിവരണ്ട നാവാണ് ഒരാൾക്കുള്ളതെങ്കിൽ സർവ അനാവശ്യങ്ങളും വ്യർഥികേടുകളും നിരർഥക സംസാരങ്ങളുംകൊണ്ട് അയാളുടെ നാവു പച്ചപിടിക്കുകയും ചെയ്യും. ലാ ഹൗല വലാക്വുവ്വത്ത ഇല്ലാ ബില്ലാഹ്!(അല്ലാഹുവിനെകൊണ്ടല്ലാതെ യാതൊരു ശക്തിയോ കഴിവോ ഇല്ല).

(26) അല്ലാഹുവിനെ പ്രകീർത്തിക്കുന്ന സദസ്സുകൾ മലക്കുകളുടെ സദസ്സുകൾ കൂടിയാണ്. എന്നാൽ ദിക്റിൽനിന്നകന്ന, അശ്രദ്ധയുടെയും അനാവശ്യകാര്യങ്ങൾ സംസാരിക്കുന്നതുമായ സദസ്സുകളാകട്ടെ പിശാചിന്റെ സദസ്സുകളാണ്. അതിൽ ഏതാണ് തനിക്ക് പ്രിയങ്കരവും അനുയോജ്യവും ആയിട്ടുള്ളത് എന്ന് ഓരോരുത്തരും തെരഞ്ഞെടുത്തുകൊള്ളട്ടെ. അപ്പോൾ അയാൾ തന്റെ വക്താക്കളുടെ കൂടെ ഈ ലോകത്തും പരലോകത്തും ഒരുമിച്ചാവുകയും ചെയ്യും.

(27) 'ദിക്ർ' ചെയ്യുന്നവൻ അതിലൂടെ സന്തോഷിക്കും. അവന്റെ കൂടെ ഇരിക്കുന്നവനും അവനെക്കൊണ്ട് സന്തോഷിക്കും. അഥവാ എവിടെയായിരുന്നാലും അനുഗ്രഹിക്കപ്പെട്ടവനാണവൻ. എന്നാൽ ദിക്റിൽനിന്നകന്ന് അശ്രദ്ധയിലും അനാവശ്യകാര്യങ്ങളിലും മുഴുകിയവരാകട്ടെ, തങ്ങളുടെ അശ്രദ്ധകൊണ്ടും അനാവശ്യങ്ങൾകൊണ്ടും സങ്കടപ്പെടേണ്ടി വരും; അവർ മാത്രമല്ല, അവരുടെ കൂടെ ഇരുന്നുകൊടുത്തവരും.

(28) അത് അന്ത്യനാളിലെ ഖേദത്തിൽനിന്ന് നിർഭയത്വവും ആശ്വാസവും നൽകും. റബ്ബിനെ സ്മരിക്കാതെയുള്ള ഏതൊരു സദസ്സും അന്ത്യനാളിൽ നഷ്ടവും ഖേദവുമായിത്തീരുന്നതാണ്.

(29) റബ്ബിനെക്കുറിച്ചുള്ള സ്മരണ ഒഴിഞ്ഞിരുന്ന് കണ്ണുകൾ ഈറനണിഞ്ഞുകൊണ്ടുകൂടിയാണെങ്കിൽ കൊടിയ ചൂടിന്റെ ദിവസം 'മഹ്ശറി'ൽ അല്ലാഹു 'അർശി'ന്റെ തണൽ നൽകാൻ കാരണമാകുന്നതാണ്. തലക്കുമീതെ കത്തിജ്വലിച്ചുകൊണ്ട് നിൽക്കുന്ന സൂര്യന്റെ ചൂടിൽ ആളുകൾ ഉരുകിയൊലിച്ചു (വിയർപ്പിൽ കുളിച്ച്) നിൽക്കുമ്പോൾ ദിക്റിന്റെയാൾക്ക് കാരുണ്യവാനായ അല്ലാഹുവിന്റെ തണൽ ലഭിക്കും.

(30) അല്ലാഹുവിന് സ്തോത്രകീർത്തനങ്ങളർപ്പിക്കുന്നതിൽ മുഴുകുന്നവർക്ക്, അവനോട് ചോദിക്കുന്നവർക്ക് നൽകുന്നതിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് നൽകുന്നതാണ്. ഉമർؓ നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: നബിﷺ പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: 'ആരെയെങ്കിലും എന്നോട് ചോദിക്കുന്നതിൽനിന്ന് എന്നെക്കുറിച്ചുള്ള സ്മരണ (ദിക്ർ) അശ്രദ്ധമാക്കിയാൽ ചോദിക്കുന്നവർക്ക് നൽകുന്നതിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് ഞാൻ അവന് നൽകും" (ബുഖാരി താരീഖുൽ കബീറിലും ഖൽകു അഫ്ആലിൽ ഇബാദയിലും ഉദ്ധരിച്ചത്).

**(അവസാനിച്ചില്ല)**

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ബാലപഥം

## ഉമ്മ

ഉമ്മ നല്ലയുമ്മ
എന്റെ മാത്രം ഉമ്മ
ഞാനെണീറ്റു വന്നാൽ
ഉമ്മതരും ഉമ്മ
ചായ തരും ഉമ്മ
ചോറ് തരും ഉമ്മ
കൂടെ വരും ഉമ്മ
കൂട്ടിനൊരു ഉമ്മ
പാഠമോതും ഉമ്മ
പാടിത്തരും ഉമ്മ
പാട്ടു പാടിയെന്നെ
ഉറക്കിടുമെന്നുമ്മ

## ഉപ്പ

നമ്മുടെ ഹീറോ ആരാണ്?
നമ്മുടെ സ്വന്തം പൊന്നുപ്പ!
നമ്മുടെ വീടിൻ കാവൽക്കാരൻ,
നമ്മുടെ കൂടിൻ നായകനും.
ഉമ്മയും ഉപ്പയും ചേർന്നാലോ,
വീടിന്നെന്തൊരു ഐശ്വര്യം!
ഉപ്പ പറഞ്ഞാൽ എല്ലാരും
അച്ചടക്കം പാലിക്കും.
ഇക്കാക്കായും ഇത്താത്തായും
ഉപ്പ പറഞ്ഞാൽ ഒപ്പം നിൽക്കും.
എങ്കിൽ പിന്നെ നമ്മൾക്കും
ഉപ്പക്കൊപ്പം മുന്നേറാം...





WISDOM **alive** COUNSELLING DESK

## ക്വാറന്റൈനിലാണൊ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടൊ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

### വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

| | | |
|---|---|---|
| **കാസറഗോഡ്**<br>+919526749667<br>+918075011566 | **കണ്ണൂർ**<br>+919645099797<br>+9194474 11307 | **വയനാട്**<br>+919446990991<br>+919961215816 |
| **കോഴിക്കോട് നോർത്ത്**<br>+919895626691<br>+919567858078 | **കോഴിക്കോട് സൗത്ത്**<br>+918547853036<br>+919895356111 | **പാലക്കാട്**<br>+919656118833<br>+919847939173 |
| **മലപ്പുറം ഈസ്റ്റ്**<br>(നിലമ്പൂർ റീജ്യൺ)<br>+919447749005<br>+919995662305 | **മലപ്പുറം വെസ്റ്റ്**<br>(തിരൂർ റീജ്യൺ)<br>+919037159419<br>+917012095123 | **മലപ്പുറം നോർത്ത്**<br>(മലപ്പുറം റീജ്യൺ)<br>+919495889689<br>+919946199288 |
| **തൃശൂർ**<br>+919446222282<br>+917510580834 | **എറണാകുളം**<br>+918921655063<br>+918289880889 | **ഇടുക്കി**<br>+919946545193<br>+919037640858 |
| **ആലപ്പുഴ**<br>+919995310518<br>+918943464478 | **കൊല്ലം**<br>+919895786601<br>+919947802460 | **തിരുവനന്തപുരം**<br>+919526524467 |

WISDOM ALIVE COUNCELLING DESK

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JULY 24

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


അറിവ് തേടി
അലയേണ്ടതില്ല...
അറിയേണ്ടതെല്ലാം
വിരൽ തുമ്പിലുണ്ട്...
പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ Donate ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും DONATE VIA UPI എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App